മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *691.....

## അദ്ധ്യാപകരുടെ പുനർവിന്യാസം

*691. ശ്രീ. എം. സ്വരാജ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തസ്തിക നഷ്ടപ്പെട്ടതിന്റെ പേരിൽ ശമ്പളം മുടങ്ങിയ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ പുനർവിന്യസിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; അതത് മാനേജ്മെന്റുകളുടെ കീഴിലുള്ള സ്കൂളുകളിൽ ഇവരെ നിയമിക്കുന്നതിൽ മാനേജ്മെന്റുകളുടെ നിലപാടെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പുനർവിന്യാസത്തിന്റെ ഭാഗമായി അദ്ധ്യാപകർ മറ്റു ജില്ലകളിലേയ്ക്ക് പോകേണ്ട സാഹചര്യമുണ്ടോ; എങ്കിൽ അത് അനിവാര്യമായ സാഹചര്യത്തിൽ മാത്രമായി പരിമിതപ്പെടുത്താൻ ശ്രദ്ധിക്കുമോ;

(സി) ഈ അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിനു സ്വീകരിച്ച കാര്യങ്ങൾ വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) 2011-12 അദ്ധ്യയന വർഷം മുതൽ 2014-15 വരെ സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തിയിട്ടില്ല. ഈ വർഷങ്ങളിൽ 2010-11 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് ബാധകമാക്കുകയാണ് ചെയ്തത്. പിന്നീട് 29.01.2016-ലെ സ.ഉ. (പി) നമ്പർ 29/16/പൊ.വി.വ. പ്രകാരം പ്രസ്തുത കാലയളവിലെ തസ്തിക നിർണ്ണയം ഒരുമിച്ച് നടത്തിയപ്പോൾ 3,674 അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് തസ്തിക നഷ്ടപ്പെടുകയുണ്ടായി. ഇവരെ പുനർവിന്യസിച്ച് ശമ്പളം നൽകാൻ സർക്കാർ നയപരമായ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 05.08.2016-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 134/16/പൊ.വി.വ. പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). അതത് മാനേജ്മെന്റുകളിൽ ഉണ്ടായ ഒഴിവുകളിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്നതിൽ തടസ്സമൊന്നുമുണ്ടായിട്ടില്ല.

(ബി) ഉണ്ട്. മാതൃജില്ലയിൽ സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കാനുള്ള ഒഴിവുകളില്ലാതെ വരുന്ന അനിവാര്യമായ സന്ദർഭത്തിൽ മാത്രം അദ്ധ്യാപകരെ മറ്റ് ജില്ലകളിൽ പുനർവിന്യസിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പുനർവിന്യാസ ഉത്തരവിൽത്തന്നെ നിർദ്ദേശം

നൽകിയിട്ടുണ്ട്.

(സി) 06.08.2016-ലെ ജി.ഒ. (പി) നമ്പർ 134/16/പൊ.വി.വ. പ്രകാരം 2015-16-ലെ തസ്തിക നിർണ്ണയം 2016-17 വർഷത്തേയ്ക്കുകൂടി ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെതിരെ ചില മാനേജർമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (c) No. 27337/2016-ലെ ഇടക്കാല ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയം സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ ഖണ്ഡിക (4) താത്ക്കാലികമായി സ്റ്റേ ചെയ്യുകയുണ്ടായി. തുടർന്നുള്ള കോടതി നിർദ്ദേശ പ്രകാരം 2016-17-ലെ യു.ഐ.ഡി. കണക്കുകൾ അനുസരിച്ചുള്ള തസ്തിക നിർണ്ണയപ്രക്രിയ സ്വീകരിച്ച് കോടതിയെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കോടതിയുടെ അന്തിമവിധി വന്നിട്ടില്ല.

ശ്രീ. എം. സ്വരാജിനുവേണ്ടി ശ്രീ. ആർ. രാജേഷ്: സർ, തസ്തിക നഷ്ടപ്പെട്ടതിന്റെ ഭാഗമായി 3,674 അദ്ധ്യാപകർ നേരിടുന്ന വലിയ പ്രതിസന്ധിയെ മറികടക്കുന്നതിനായി മാതൃകാപരമായ ഇടപെടലാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്. 3,674 അദ്ധ്യാപകരെയാണ് പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുള്ളത്. എത്ര അദ്ധ്യാപകരെ അത്തരത്തിൽ

പുനർവിന്യസിച്ചിട്ടുണ്ട്; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; അതിനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, 3,674 അദ്ധ്യാപകരാണ് അധികം വന്നിട്ടുള്ളത്. അതിൽ 2,724 പേരെ പുനർവിന്യസിച്ചു കഴിഞ്ഞിട്ടുണ്ട്. അവർക്ക് ശമ്പളവും നൽകിക്കഴിഞ്ഞു. നേരത്തെ സൂചിപ്പിച്ചതുപോലെ കോടതിയുടെ ഒരു ഉത്തരവുള്ളതുകൊണ്ട് ഇപ്പോൾ പുനർവിന്യാസം നടക്കുന്നില്ല. അന്തിമവിധിക്കായി 14-ാം തീയതി വീണ്ടും കേസ് വച്ചിട്ടുണ്ട്. അതിനുശേഷം ആ വിധിയനുസരിച്ച് ബാക്കിയുള്ളത് പൂർത്തിയാക്കാനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. ആർ. രാജേഷ്: സർ, ഇവരെ സംരക്ഷിക്കുക എന്നത് ഏറ്റവും ശരിയായ കാര്യമാണ്. പക്ഷേ ഇവിടെയുള്ളൊരു പ്രതിസന്ധി, 3,674 അദ്ധ്യാപകരിൽ സംവരണത്തിന്റെ ഭാഗമായി നിയമനം നടത്തപ്പെട്ടവരാരും ഇക്കൂട്ടത്തിലില്ല. ഇത്തരം ആളുകളെ പുനർവിന്യസിക്കുമ്പോൾ സംവരണത്തിന്റെ ഭാഗമായി ജോലി ലഭ്യമാകേണ്ട ഏതെങ്കിലും സ്ഥലങ്ങളിൽ അത് നഷ്ടപ്പെടുത്തുന്നുണ്ടോ; പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ആരുടെയെങ്കിലും അവസരം ഇതിന്റെ ഭാഗമായി നിഷേധിക്കപ്പെടുന്നുണ്ടോ എന്ന്

വ്യക്തമാക്കാമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഒറ്റ വാചകത്തിൽ പറഞ്ഞാൽ, പി.എസ്.സി.യിൽ നിന്ന് ജോലിയ്ക്ക് വരുന്ന ഒരാൾക്കും പുനർവിന്യാസ പ്രക്രിയ വഴി ഒരു തടസ്സവുമുണ്ടാകില്ല. കാരണം, പി.എസ്.സി.ക്ക് വിടേണ്ട തസ്തികകളിലല്ല പുനർവിന്യസിക്കുന്നത്. അതുകൊണ്ടുതന്നെ സംവരണതത്വവും അട്ടിമറിക്കപ്പെട്ടിട്ടില്ല. സംവരണ പ്രശ്നവും വരുന്നില്ല. പക്ഷേ ചെറിയൊരു കാര്യം, ഇപ്പോൾ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത ചില വിഷയങ്ങളിൽ സ്കൂളുകളിൽ പോസ്റ്റ് ഒഴിഞ്ഞു കിടക്കുന്നുണ്ടാകും. കുട്ടികളെ പഠിപ്പിക്കാൻ അവിടെ അവസരമുണ്ടാവില്ല. ആ പോസ്റ്റിൽ പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. പക്ഷേ അത് ഉത്തരവിൽ തന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആ ഉത്തരവിന്റെ വാചകം ഞാൻ വായിക്കാം. പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതുവരെ - അതായത് പുതിയ തസ്തികകളിൽ പി.എസ്.സി. വഴി നിയമനം ലഭിക്കുന്നവർക്ക് ഒരു തടസ്സവും അവിടെയില്ല. അങ്ങനെ ഒരു നിയമനം വരികയാണെങ്കിൽ അന്ന് പുനർവിന്യസിക്കപ്പെട്ടവർ വീണ്ടും എക്സസ് അദ്ധ്യാപകരായിത്തന്നെ വരും. മറ്റേതെങ്കിലും തലത്തിൽ അവരെ

പുനർവിന്യസിക്കേണ്ടതായി വരും. അതുകൊണ്ട് പി.എസ്.സി. വഴി നിയമിക്കപ്പെടുന്നവർക്ക് ഒരു തടസ്സവും ഈ പുനർവിന്യാസത്തിലില്ല. അതുപോലെതന്നെ സംവരണ നിയമനങ്ങളും അട്ടിമറിച്ചിട്ടില്ല.

പ്രൊഫ. കെ. യു. അരുണൻ: സർ, പ്രൈവറ്റ് സ്കൂളുകളിൽ മാനേജർമാർ നിയമിക്കുന്ന അദ്ധ്യാപകർ ഡിവിഷൻ ഫാൾ വരുമ്പോൾ സർക്കാർ സ്കൂളുകളിലേയ്ക്ക് പ്രൊട്ടക്റ്റഡായി ചെല്ലുകയാണ്. നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ മേഖല എടുത്തു നോക്കിയാൽ മിക്കവാറും എല്ലാ സമുദായ സംഘനടകൾക്കും സ്കൂളുകളുണ്ട്. അതിൽതന്നെ മിക്കവാറും ഉയർന്ന സമുദായ സംഘടനകളാണ്. ക്രിസ്റ്റ്യൻ മിഷനറീസ്, എൻ.എസ്.എസ്., എസ്.എൻ.ഡി.പി. തുടങ്ങിയ സംഘടനകൾ 99.90 ശതമാനവും അവരുടെ ജാതിയിലെ, അതാതു സമുദായത്തിലുള്ള ആളുകളെയാണ് നിയമിക്കുന്നത്. ഡിവിഷൻ ഫാൾ വരുമ്പോൾ ഈ ആളുകളെയാണ് സാധാരണ രൂപത്തിൽ സർക്കാരിലേയ്ക്ക് അബ്സോർബ് ചെയ്യുന്നത്. പി.എസ്.സി.യിലൂടെ അവർക്ക് നിയമനം നൽകുന്നില്ലെങ്കിലും ഏറെക്കാലം അവർ അവിടെ നിൽക്കുകയാണ്. അങ്ങനെ വരുമ്പോൾ സമുദായങ്ങൾക്ക് സ്കൂൾ ഇല്ലാത്ത, പ്രത്യേകിച്ച് എസ്.സി./എസ്.ടി. വിഭാഗത്തിലെ ആളുകൾക്ക് ഒരേയൊരു മാർഗ്ഗമാണ് പി.എസ്.സി.യിലൂടെയുള്ള

നിയമനം എന്നത്. അപ്പോൾ ആ വാതിലും അടയുന്നു എന്നുള്ളതാണ് നിലനിൽക്കുന്ന യാഥാർത്ഥ്യം. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, അത് ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. ഇപ്പോഴും അങ്ങനെയൊരു സംശയം നിലനിൽക്കുന്നുണ്ട്. പി.എസ്.സി.യിൽനിന്ന് ഒരാളെ നിയമിക്കണമെങ്കിൽ അവിടെ ഒരു പോസ്റ്റ് വേണം. അത്തരത്തിലുള്ള പോസ്റ്റിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകരെ നിയമിച്ചിട്ടില്ല എന്നതിനാൽ അങ്ങനെയൊരു പ്രശ്നം വരുന്നില്ല. അവരെ നിയമിക്കുന്നത് നേരത്തെ സൂചിപ്പിച്ചതുപോലെ പഞ്ചായത്തിലേയ്ക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ പ്ലാൻ ഇംപ്ലിമെന്റേഷനൊക്കെ പോകുന്ന അദ്ധ്യാപകരെ സഹായിക്കുന്ന രീതിയിലൊക്കെ ആണ് പുനർവിന്യാസം നടത്തിയിട്ടുള്ളത്. അതിൽത്തന്നെ പല എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളും ഇത്തരത്തിൽ നേരിട്ടുള്ള പോസ്റ്റിലേയ്ക്കുപോലും ഇത് സ്വീകരിച്ചിട്ടുണ്ട്. പക്ഷേ പല മാനേജ്മെന്റുകളും അത് സ്വീകരിച്ചിട്ടുമില്ല. അപ്പോൾ വളരെ വിശാലമായ അർത്ഥത്തിൽ നമ്മളിതിനെ കാണണം. 3,674 അദ്ധ്യാപകരാണ് എക്സസായി നിൽക്കുന്നത്. എവിടെയെങ്കിലും വിന്യസിച്ചാലേ അവർക്ക് ശമ്പളം

കൊടുക്കാൻ കഴിയുകയുള്ളൂ. രണ്ട് മാസം അവർക്ക് ശമ്പളമില്ലാതെ നിന്നിരുന്നു. ശമ്പളം കൊടുക്കണമെന്നുണ്ടെങ്കിൽ അവരെ ഏതെങ്കിലും സ്കൂളിലേയ്ക്ക് വിന്യസിക്കണം. അങ്ങനെ വിന്യസിക്കുമ്പോൾ പ്രധാന അദ്ധ്യാപകരെ സഹായിക്കുന്നതിനുവേണ്ടി അല്ലെങ്കിൽ ഐ.ടി. @ സ്കൂൾ-ലേയ്ക്ക് വർക്ക് അറേഞ്ച്മെന്റിൽ പോകുമ്പോഴുണ്ടാവുന്ന ഒഴിവിലേയ്ക്ക്... അത്തരത്തിൽ പി.എസ്.സി. നിയമനത്തിന് അർഹതയുള്ള ഒരു പോസ്റ്റിലല്ലാത്ത ദിക്കിൽ മാത്രമേ ഈ പുനർവിന്യാസം നടന്നിട്ടുള്ളൂ. അതുകൊണ്ട് അങ്ങനെ ഒരു പ്രശ്നം ഉദിക്കുന്നതേയില്ല. ഈ കാര്യം ഇന്ന് കേരളത്തിൽ ഏറ്റവും വലിയൊരു സംശയമായി നിൽക്കുന്നതാണ്. 3,674 അദ്ധ്യാപകരെ വിന്യസിക്കുമ്പോഴും പി.എസ്.സി.യിൽനിന്ന് ജോലിക്ക് വരുന്ന ആൾക്ക് ഒരു തടസ്സവും ഉണ്ടാകുന്നതല്ല.

ശ്രീമതി യു. പ്രതിഭ ഹരിക്കുവേണ്ടി <u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇവിടെ ചോദിച്ചതിന് സമാനമായ ചോദ്യം തന്നെയാണ്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസം സംരക്ഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. സർക്കാരും എയ്ഡഡ് സ്കൂളുകളും അടങ്ങുന്നതാണ് പൊതുവിദ്യാലയം. ഏതാണ്ട് 3,852-ഓളം അദ്ധ്യാപകൻമാർ

പ്രൊട്ടക്റ്റഡായി വന്നിട്ടുണ്ട്. ഇവരെ ഉൾക്കൊള്ളുമെന്നാണ് സർക്കാർ പറയുന്നത്. നേരത്തേ ശ്രീ. അരുണൻ മാഷ് സൂചിപ്പിച്ചതുപോലെ അതുമായി ബന്ധപ്പെട്ട് ഒരുപാട് അനിശ്ചിതത്വങ്ങൾ ഇപ്പോൾ കേരളീയ പൊതുസമൂഹത്തിൽ നിലനിൽക്കുന്നുണ്ട്, പ്രത്യേകിച്ച് ഉദ്യോഗാർത്ഥികൾക്കിടയിൽ. ഇവിടെ ഒരു പൊതുവിദ്യാലയവും നഷ്ടത്തിലാവില്ല. അതിനുദാഹരണമായി നമുക്ക് ചൂണ്ടിക്കാണിക്കാൻ നമ്മുടെ തളിപ്പറമ്പ് ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ., അദ്ദേഹം ഇവിടെ എത്തിയിട്ടില്ല, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഏറ്റവും വലിയ ശ്രമകരമായ ദൗത്യം നടത്തിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാൻ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഞാനും ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി എല്ലാവരും സ്കൂളിനോടൊപ്പം എന്ന പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അവിടെ നേരത്തെ പൊതു വിദ്യാലയം നഷ്ടത്തിലായിരുന്നു. ആളുകൾ പഠിക്കാതിരുന്ന ബ്രണ്ണൻ സ്കൂൾ തുടങ്ങിയവയൊക്കെ ഇന്ന് നമ്പർ വൺ സ്കൂളായി മാറിയിട്ടുണ്ട്. പി.ടി.എ.യും അദ്ധ്യാപകൻമാരും അതുപോലെ അനദ്ധ്യാപകരും പൊതുസമൂഹവും സഹകരിച്ചാൽ ഏത് പൊതുവിദ്യാലയവും ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ

സാധിക്കും. അതിനൊരു ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; അതോടൊപ്പം ഇവിടെ ഉദ്യോഗാർത്ഥികൾക്കിടയിലുള്ള ആശങ്ക, സർക്കാർ സർവ്വീസിലേയ്ക്ക് ഇനി റാങ്ക് ലിസ്റ്റിൽനിന്നും ആളുകളെ എടുക്കില്ല എന്നുള്ള പ്രചരണം ഒരു ഭാഗത്ത് നടക്കുന്നുണ്ട്. അപ്പോൾ ഈ ബാലൻസിംഗ് എങ്ങനെയാണ്; സർക്കാർ ലിസ്റ്റിൽനിന്നും ആളുകളെ എടുക്കുമോ; അല്ലെങ്കിൽ ഈ പറയുന്ന രീതിയിൽ പ്രൊട്ടക്റ്റഡ് ആയ ആളുകൾ അങ്ങോട്ടേയ്ക്ക് പൂൾ ചെയ്യുമോ എന്നതു സംബന്ധിച്ച് സംശയമുണ്ട്. അതുസംബന്ധിച്ച് സർക്കാർ വ്യക്തമാക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, രണ്ടുമൂന്നു കാര്യങ്ങൾ ബഹുമാനപ്പെട്ട എം.എൽ.ഇ. ഇവിടെ പറഞ്ഞിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണം എന്ന വലിയൊരു ജനകീയ ക്യാമ്പയിൻ നമ്മൾ നടത്തുമ്പോൾ വിദ്യാർത്ഥികൾ കുറയുന്ന എന്ന പ്രശ്നം പരിഹരിക്കപ്പെടും എന്നാണ് സർക്കാർ കരുതുന്നത്. വിദ്യാർത്ഥികളുടെ എണ്ണം വർഷങ്ങളായി കുറഞ്ഞതുകൊണ്ടും വർഷങ്ങളായി തസ്തിക നിർണ്ണയം നടത്താതിരുന്നതു കൊണ്ടുമാണ് 3,674 അദ്ധ്യാപകർ എക്സസായി വന്നിട്ടുള്ളത്. അതൊരു പൊതു പ്രശ്നം തന്നെയാണ്. വർഷങ്ങളായി ഉണ്ടായി വന്നിട്ടുള്ള, അക്യുമുലേറ്റ് ചെയ്യപ്പെട്ട ഒരു പ്രശ്നമാണ്. ആ പ്രശ്നം

പരിഹരിക്കാൻ കഴിഞ്ഞ നാലര മാസക്കാലം വളരെ ശ്രമകരമായി നമ്മൾ പരിശ്രമിച്ചു എന്നുള്ളതുകൊണ്ട് 700 അദ്ധ്യാപകർ മാത്രമാണ് ഇനി പുനർവിന്യസിക്കാൻ ബാക്കിയുള്ളത്. ബാക്കിയുള്ളവരെയെല്ലാം പുനർവിന്യസിച്ചു കഴിഞ്ഞു. അങ്ങനെ പുനർ വിന്യസിക്കപ്പെടുമ്പോൾ നേരത്തെ ഞാൻ രണ്ടു തവണയും സൂചിപ്പിച്ചു, പി.എസ്.സി.യിൽ നിന്ന് വരുന്നവർക്ക് തടസ്സമായി എങ്ങും ഒരാളെയും നിയമിച്ചിട്ടില്ല. ഇനി പറയാവുന്ന ഒന്ന്, ഒരിക്കൽ പറഞ്ഞതാണെങ്കിലും സംശയം തീർക്കാൻ പറയുകയാണ്, പോസ്റ്റ് വേക്കന്റ് ആണെങ്കിൽ, പിഎസ്.സി.യിൽ ലിസ്റ്റ് ഇല്ലെങ്കിൽ പി.എസ്.സി.യിൽനിന്ന് നിയമിക്കാൻ കഴിയില്ല. പക്ഷേ ആ പോസ്റ്റ് വേക്കന്റുമാണ്. അപ്പോൾ കുട്ടികളെ പഠിപ്പിക്കണം. അതിനുവേണ്ടി അവിടെ... അതുസംബന്ധിച്ച ഉത്തരവ് ഞാൻ വായിച്ചു. അതിൽ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്. എന്നാണോ പിഎസ്.സി.യിൽനിന്ന് പോസ്റ്റ് വരുന്നത് അന്ന് അവർ അവിടെനിന്ന് പോകണം. അവർ വീണ്ടും എക്സസ് സ്റ്റാഫാകും. അപ്പോൾ മറ്റൊരു രീതിയിൽ അവരെ പുനർവിന്യസിക്കേണ്ടി വരും. ഇത് വലിയൊരു പ്രക്രിയയാണ്. 3,674 അദ്ധ്യാപകരെ പി.എസ്.സി.യിൽ നിന്ന് വരുന്നവർക്ക് ഒരു തടസ്സവുമില്ലാതെ വിന്യസിക്കുക എന്നത് വളരെ വലിയ ബൃഹത്തായ ഒരു പ്രക്രിയയാണ്.

പി.എസ്.സി.യിൽനിന്ന് വരുന്നവർക്കും നേരത്തെ ശ്രീ. ആർ. രാജേഷ് സൂചിപ്പിച്ചതുപോലെ സംവരണം അട്ടിമറിക്കാതെയും 3,674 അദ്ധ്യാപകരെ നിയമിക്കുകയാണ്. പല മാനേജ്മെന്റുകളും സമ്മതിക്കുന്നുണ്ടെങ്കിലും ചില മാനേജ്മെന്റുകൾ ഈ എക്സസ് അദ്ധ്യാപകരെ എടുക്കാൻ സമ്മതിക്കുന്നില്ല എന്നുള്ള പ്രശ്നമുണ്ട്. അതുകൊണ്ട് ഈ പ്രശ്നമെല്ലാം ആത്യന്തികമായി തീരാൻ നേരത്തെ ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, പൊതു വിദ്യാഭ്യാസം സംരക്ഷിക്കാനുള്ള വലിയ ശ്രമം നടക്കുമ്പോൾ, വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിച്ച് എക്സസ് എന്നുള്ള ഒരു പ്രശ്നമില്ലാത്ത അവസ്ഥ സൃഷ്ടിക്കണം. അപ്പോൾ മാത്രമെ ആത്യന്തികമായി പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. തൽക്കാലം അത് ഏറ്റവും മനോഹരമായി പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. കെ. ബാബു: സർ, 3674 തസ്തികകൾ നഷ്ടപ്പെട്ട അദ്ധ്യാപകർ നിലവിലിരിക്കുമ്പോഴും 50,000 ത്തോളം പ്ലസ്വൺ ക്ലാസ്സുകളിലേയ്ക്കുള്ള അഡ്മിഷൻ നടക്കാതിരുന്ന ഘട്ടത്തിലും, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പുതിയ പ്ലസ്ടു തസ്തികകൾ അനുവദിച്ച്

എയ്ഡഡ് സ്കൂളുകളിലുൾപ്പെടെ നിയമിക്കപ്പെട്ട അദ്ധ്യാപകരും അനദ്ധ്യാപകരുമായവർക്ക് കഴിഞ്ഞ മൂന്നോ നാലോ വർഷമായി ശമ്പളം ലഭിക്കുന്നില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അവർക്ക് ശമ്പളം ലഭ്യമാക്കാൻ ആവശ്യമായ നടപടിയുണ്ടാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, വിഷയം അദ്ധ്യാപക പുനർവിന്യാസമാണ്, എങ്കിലും അതിനോട് ചേർത്തു പറഞ്ഞപ്പോൾ പറയുന്നു എന്നേയുള്ളൂ, കഴിഞ്ഞ മൂന്ന് വർഷങ്ങളായി കേരളത്തിലെ ഹയർ സെക്കന്ററി അദ്ധ്യാപക രംഗത്ത് വലിയ പ്രശ്നം നിലനിന്നിരുന്നു. നിരവധി അദ്ധ്യാപകർക്ക് ശമ്പളം കിട്ടാത്ത പ്രശ്നമുണ്ടായിരുന്നു. അതിന്റെ കാരണവും തസ്തിക നിർണ്ണയം നടത്തിയിട്ടില്ല എന്നുള്ളത് തന്നെയാണ്. ഈ നാലര മാസം കൊണ്ട് കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു എന്നുമാത്രമല്ല, ഇതുവരെ ശമ്പളം കിട്ടാതിരുന്ന ഹയർസെക്കന്ററിയിലെ ഇത്തരത്തിലുള്ള അദ്ധ്യാപകർക്ക്

ഡെയ്‌ലിവേജസ്സായി ശമ്പളം കൊടുക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും, ഫൈനാൻസ് അത് അംഗീകരിക്കുകയും 70 കോടി രൂപ അതിനുവേണ്ടി പാസ്സാകുകയും ചെയ്തിട്ടുണ്ട്. ഇന്നത്തെ പത്രത്തിൽ അതിന്റെ വാർത്ത വന്നിട്ടുണ്ട്. മൂന്ന് വർഷമായി ശമ്പളം കിട്ടാതിരുന്ന ആ അദ്ധ്യാപകർക്ക് ഈ മാസം മുതൽ ശമ്പളം കിട്ടാനുള്ള സാഹചര്യം ഉണ്ടാകുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജിന്റെ നിലവിലെ സ്റ്റാറ്റസ് എന്താണെന്ന് പറയാമോ, അതുപോലെതന്നെ പല ഗവൺമെന്റ് സ്കൂളുകളിലും അദ്ധ്യാപകരുടെ പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്, എന്റെ നിയോജകമണ്ഡലത്തിൽ തന്നെ ഒരു സ്കൂളിൽ പി.ടി.എ.യുടെ നേതൃത്വത്തിൽ പ്രൈവറ്റായി അദ്ധ്യാപകരെ വച്ച് ഏകദേശം 85,000 രൂപ ഒരു മാസം അവർക്ക് ശമ്പളമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ഗവൺമെന്റ് സ്കൂളുകളിൽ അദ്ധ്യാപകരുടെ പോസ്റ്റുകൾ എത്രയുംപെട്ടെന്ന് ഫില്ലുചെയ്യാനുള്ള നടപടികൾ ഉണ്ടാകുമോ, അതുപോലെ പല

സ്കൂളുകളിലും കായിക അദ്ധ്യാപകരെ രണ്ടും മൂന്നും സ്കൂളുകളിലായിട്ട് വിന്യസിപ്പിക്കുന്ന ഒരു രീതിയും നിലനിൽക്കുന്നുണ്ട്. അതിന് പരിഹാരം കാണാനായിട്ട് നടപടിയുണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോഴത്തെ നിലയ്ക്ക് കേരളത്തിലെ സ്കൂളുകളിൽ അദ്ധ്യാപകർ ഇല്ല എന്നുള്ള പ്രശ്നം വരാൻ സാധ്യതയില്ല. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഏതെങ്കിലും സ്കൂൾ ഉണ്ടെങ്കിൽ നമുക്കത് പരിശോധിക്കാം, പൊതുവിൽ വരില്ല. അതിന്റെ കാരണം അദ്ധ്യാപകരെ ഇപ്പോൾ പി.എസ്.സി മുഖേന നിയമിക്കാൻ തടസ്സമുണ്ടെങ്കിൽ തന്നെ പോസ്റ്റ് ഉള്ളിടത്ത് അദ്ധ്യാപകരെ ഡെയ്‌ലിവേജസ്സിൽ നിയമിക്കാൻ ഉത്തരവായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് എല്ലാ സ്കൂളുകളിലും, പ്രത്യേകിച്ച് സർക്കാർ സ്കൂളുകളിൽ ഡെയ്‌ലി വേജസ്സിൽ അദ്ധ്യാപകരെ വയ്ക്കാം എന്നുവന്നതോടുകൂടി കേരളത്തിൽ പഠിപ്പിക്കാൻ അദ്ധ്യാപകരില്ല എന്ന പ്രശ്നം തീർന്നിരിക്കുകയാണ്. എക്സെപ്ഷണലായി ചിലപ്പോൾ ചിലതുണ്ടാകാം, അത് പരിശോധിക്കാം. ചിലപ്പോൾ ചില പോസ്റ്റുകൾ പുതിയ വേക്കൻസി എന്ന

രീതിയിൽ പറ്റാതെ, hour കുറവുകൊണ്ടോ, കുട്ടികളുടെ എണ്ണത്തിലുള്ള കുറവുകൊണ്ടോ എന്തെങ്കിലുമൊക്കെ ഉണ്ടാകാം. അത് പരിശോധിക്കാം. പൊതുവിൽ കേരളത്തിൽ അദ്ധ്യാപകരില്ല എന്ന പ്രശ്നം ഡെയ്‌ലിവേജസ് വച്ച് പരിഹരിച്ചു. ഇനി ആ വേക്കൻസിയിലേയ്ക്ക് പി.എസ്.സി.യിൽ നിന്നും റിക്രൂട്ട് ചെയ്തുവരുന്ന രീതിയിൽ അപ്പോയിന്റ് ചെയ്യുകയും ചെയ്യും. കായികാദ്ധ്യാപകരുടെ കാര്യം നേരത്തെ പറഞ്ഞതുപോല ഇത്ര മണിക്കൂർ അല്ലെങ്കിൽ രണ്ടോമൂന്നോ സ്കൂൾ ക്ലബ്ബ് ചെയ്തിട്ട് മാത്രമേ നിശ്ചിത hour കിട്ടൂ എന്നുള്ളതുകൊണ്ടാണ് ഒന്നോരണ്ടോ സ്കൂളുകളിലായിട്ട് അവർക്ക് നിയമനം നൽകുന്നത്.

<u>ശ്രീ. പി. മുഹമ്മദ് മുഹസിൻ</u>: സർ, പ്രൈവറ്റ്, എയ്ഡഡ് കോളേജ്, സ്കൂളുകളിലൊക്കെ അദ്ധ്യാപകരെ നിയമിക്കാൻ ഒരു പൊതു മാനദണ്ഡം ഇല്ല. അക്കാര്യങ്ങൾ മാനേജ്മെന്റാണ് തീരുമാനിക്കുന്നത്. അത് ക്വാളിറ്റിയെ ബാധിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെ ക്വാളിറ്റി

എൻഷ്വർ ചെയ്യാൻവേണ്ടി അവരുടെ അപ്പോയിൻമെന്റിൽ എന്തെങ്കിലും പൊതു മാനദണ്ഡം സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ എന്നാണ് എനിക്ക് അറിയേണ്ടത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത് ചോദ്യത്തിന്റെ വിഷയത്തിന് അപ്പുറമാണ്. അത് പ്രധാനമായിട്ടും നയത്തിന്റെ ഭാഗമായി എടുക്കേണ്ടതാണ്. വളരെ മുൻകൂട്ടി ചിന്തിച്ചുകൊണ്ട്, സമൂഹത്തിൽ നിലനിൽക്കുന്ന നിരവധി പ്രശ്നങ്ങളെല്ലാം മനസ്സിലാക്കിക്കൊണ്ട് ഒരു നയമെന്ന രീതിയിൽ എടുക്കേണ്ട ഒരു വിഷയമാണ്. അത് പിന്നീട് പരിഗണിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ സർക്കാർ സ്കൂളിലടക്കം അപ്പോയിന്റ് ചെയ്യുന്നത് അത്ര ആശാസ്യകരമല്ല എന്നുള്ളതാണ് എനിക്ക് തോന്നുന്നത്. മാനേജ്മെന്റ് സ്കൂളുകളിൽ നിന്നും പുറത്താക്കപ്പെടുന്ന അദ്ധ്യാപകരെ മാനേജ്മെന്റ് സ്കൂളുകളെ ഒരു യൂണിറ്റാക്കിക്കൊണ്ട് അവിടെത്തന്നെ അപ്പോയിന്റ് ചെയ്യാനുള്ള ഒരു ശക്തമായ കമ്പൽഷൻ അതിൽ വേണം എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. മാത്രമല്ല അങ്ങനെ

ചെയ്യുമ്പോൾ ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ പറഞ്ഞതുപോലെ, ഫ്രെഷേഴ്സിന്റെ അവസരം നഷ്ടപ്പെടുന്നില്ല എന്നു പറഞ്ഞാൽപോലും ഹയർ അതോറിറ്റിക്ക് വേക്കൻസി റിപ്പോർട്ട് ചെയ്യുന്നില്ല എന്നതുകൊണ്ടുതന്നെ അത് നഷ്ടപ്പെടാൻ സാധ്യതയുണ്ട്. മാത്രമല്ല സംവരണം അട്ടിമറിക്കപ്പെടാൻ സാധ്യതയുണ്ട്. സത്യത്തിൽ മാനേജ്മെന്റ് സ്കൂളുകളിൽ പോലും സംവരണം നടപ്പാക്കുന്നത് നിർബന്ധമാക്കാൻ, എസ്.സി./എസ്.റ്റി വിഭാഗങ്ങൾ, മറ്റു പിന്നോക്ക വിഭാഗക്കാർക്കൊക്കെ അവസരം നഷ്ടപ്പെടുകയാണ്. മാനേജ്മെന്റ് സ്കൂളുകളിൽ അപ്പോയിൻമെന്റ് അതോറിറ്റി മാനേജ്മെന്റാണെങ്കിലും ശരി, അവിടെ സംവരണം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. അദ്ധ്യാപകരെ പുനർവിന്യസിക്കപ്പെടുമ്പോൾ ഉണ്ടാകാനിടയായ വളരെ പ്രധാനപ്പെട്ട കാര്യമാണ് ഞാൻ മിനിസ്റ്ററുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. സ്കൂളുകളിലെ ഭാഷാ അദ്ധ്യാപകരുടെ കാര്യത്തിൽ വന്നിട്ടുള്ള ഒരു പ്രശ്നമുണ്ട്. ഹൈസ്കൂളിൽ അറബി, ഉറുദു, സംസ്കൃതം മുതലായ ഭാഷകൾക്ക് ഭാഷാ പോസ്റ്റ്

അനുവദിക്കാൻ 25 കുട്ടികൾ വേണം. അത് യു.പി. സ്കൂളിലാണെങ്കിൽ 28 കുട്ടികൾ വേണം. ഹൈസ്കൂളിൽ 24 കുട്ടികൾ ഉണ്ടെങ്കിൽ അവിടുത്തെ അദ്ധ്യാപകൻ പുറത്താക്കപ്പെടുന്നു. അതേപോലെ 27 കുട്ടികളായിക്കഴിഞ്ഞാൽ യു.പി. സ്കൂളിൽനിന്നും അദ്ധ്യാപകൻ പുറത്താക്കപ്പെടുന്നു. അതോടുകൂടി ആ ഭാഷതന്നെ പഠിക്കാൻ കഴിയുന്നില്ല. ഇക്കഴിഞ്ഞ ഓണപരീക്ഷയ്ക്കുപോലും 327 സ്കൂളുകളിൽ ഭാഷാദ്ധ്യാപനത്തിന് ആളില്ലാത്ത അവസ്ഥ ഇതുമൂലം വന്നിട്ടുണ്ട്. ഈ കാര്യം മിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്, പ്രധാനപ്പെട്ട പ്രശ്നവുമാണ്. അങ്ങ് പറഞ്ഞതുപോലെ തന്നെ ചില ദിക്കിൽ ആ പ്രശ്നങ്ങളുണ്ട്. അതിന്റെ കാരണം നേരത്തെ എം.എൽ.എ. സൂചിപ്പിച്ചു. 28 കുട്ടികളുണ്ടെങ്കിൽ മാത്രമേ ഒരു അദ്ധ്യാപകനെ യു.പി.സ്കൂളിൽ വയ്ക്കാൻ പറ്റുകയുള്ളൂ. കുട്ടികൾ കുറഞ്ഞതിന്റെ

ഭാഗമായിട്ടാണ് അദ്ധ്യാപകർ എക്സസ് വരുന്നത്. ആ ഒരു വസ്തുത ആദ്യം അംഗീകരിച്ചാൽ ഇതിനൊക്കെ ഉത്തരമായി. 28 കുട്ടികളുണ്ടെങ്കിലെ അദ്ധ്യാപകരെ വയ്ക്കാൻ പറ്റുകയുള്ളൂ എന്ന നിലവിലുള്ള, വർഷങ്ങളായിട്ടുള്ള നിയമത്തിൽ കുട്ടികൾ 27 ആയാൽ ആ അദ്ധ്യാപകനെ അവിടെ പോസ്റ്റ് ചെയ്യാൻ പറ്റുകയില്ല. ആ അദ്ധ്യാപകൻ എക്സസ് ആയി, എക്സസ് ആയാൽ ആ സ്കൂളിൽ വയ്ക്കാൻ പറ്റുകയില്ല. മറ്റേതെങ്കിലും സ്കൂളിൽ വയ്ക്കണം. പക്ഷേ ഒരു വസ്തുത 27 കുട്ടികൾ അവിടെ ഭാഷ പഠിക്കാനുണ്ട് എന്നുള്ളതാണ്, അങ്ങ് പറയുന്ന കാര്യം അതാണ്, ശരിയാണത്. 27 കുട്ടികൾ പഠിക്കാനുണ്ട്, 28 കുട്ടിയുണ്ടെങ്കിലേ അദ്ധ്യാപകനെ വയ്ക്കാൻ പറ്റൂ, അദ്ധ്യാപകൻ എക്സസ് ആകുമ്പോൾ അവിടെ നിന്ന് മാറ്റേണ്ടിവരുന്നു. 27 കുട്ടികൾക്ക് പഠിക്കാൻ പറ്റുന്നില്ല, ഇതാണ് നിലവിലുള്ള പ്രശ്നം. ഈ പ്രശ്നം സർക്കാർ വളരെ ഗൗരവമായി എടുത്തുകൊണ്ട് അത്തരത്തിലുള്ള എല്ലാ കുട്ടികൾക്കും ഭാഷ പഠിക്കത്തക്ക രീതിയിൽ, ഇതിൽ ചില മാറ്റങ്ങൾ വരുത്തിക്കൊണ്ട്

അതെങ്ങനെ സാധിക്കുമെന്ന കാര്യം ആലോചിച്ചു കൊണ്ടിരിക്കുകയാണ്. സർക്കാർ ആ പ്രശ്നം പരിഹരിക്കാനുള്ള ശ്രമത്തിലാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, വലിയ വെല്ലുവിളികൾ നേരിടുന്ന ചിലർ പി.എസ്.സി. നിയമനം കിട്ടിയിട്ട് അത് വേണ്ടാ എന്നുവെയ്ക്കുകയും, വീടിന് തൊട്ടടുത്തുള്ള എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരായി ചേരുകയും ചെയ്തിരുന്നു. അത്തരത്തിലൊരാൾ എന്റെ നാട്ടിലുണ്ട്. ആ പഞ്ചായത്തിൽ സർക്കാർ വിദ്യാലയമില്ല, പുനർവിന്യാസത്തിന്റെ ഫലമായി, വളരെ ദൂരത്താണ് ഇദ്ദേഹത്തിന് ഇപ്പോൾ നിയമനം ലഭിച്ചത്. ശാരീരിക വൈകല്യം നേരിടുന്നവരെ പ്രത്യേക പരിഗണന നൽകി പ്രൊട്ടക്റ്റ് ചെയ്യേണ്ടതാണ്. അത്തരത്തിൽ വർക്ക് അറേഞ്ച് ചെയ്ത് അദ്ദേഹം നേരത്തെ പ്രവർത്തിച്ചിരുന്ന, വീടിന് തൊട്ടടുത്തുള്ള വിദ്യാലയത്തിലേയ്ക്ക് നിയമനം കൊടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത് നേരിട്ട് എന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു പ്രത്യേക പ്രശ്നമെന്ന രീതിയിൽ, അങ്ങനെ പ്രത്യേക പരിഗണന നൽകേണ്ടതുണ്ടെങ്കിൽ പരിശോധിച്ച് നൽകാവുന്നതേയുള്ളൂ. പക്ഷേ മുൻപ് സർക്കാർ സ്കൂളിൽ വേണ്ട എന്നുവച്ച് എയ്ഡഡ് സ്കൂളിൽ ജോയിൻ ചെയ്തതാണെങ്കിൽപോലും എക്സസ് ആയാൽ മറ്റു മാർഗ്ഗങ്ങളില്ല. പല എയ്ഡഡ് മാനേജ്മെന്റുകളും എക്സസ് അദ്ധ്യാപകരെ നിയമിക്കാൻ തയ്യാറാകുന്നില്ല എന്ന പശ്ചാത്തലത്തിൽ ഈ 3674 പേർക്കും ജോലി കൊടുത്ത് ശമ്പളം കൊടുക്കുക എന്നുള്ളത് സർക്കാരിന്റെ ചുമതലയാണ്, അതിന്റെ ഭാഗമായിട്ടാണ് അവരെ സർക്കാർ സ്കൂളിലേയ്ക്ക് വിന്യസിക്കുന്നത്. എപ്പോൾ ഈ പറയുന്ന അദ്ധ്യാപകൻ പഠിപ്പിച്ചിരുന്ന സ്കൂളിൽ കുട്ടികൾ അധികം വരുന്നുവോ, ആ സമയം സർക്കാർ സ്കൂളിൽ താൽക്കാലികമായി ഇപ്പോൾ ജോലി ചെയ്യുന്നിടത്തുനിന്ന് ആ സ്കൂളിലേയ്ക്ക് തിരിച്ചുവരികയും ചെയ്യും. ആത്യന്തികമായി പ്രശ്നങ്ങളെല്ലാം പരിഹരിക്കാനുള്ള വഴി എന്നുപറയുന്നത്, എല്ലാ സ്കൂളുകളിലും കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. അതിനാണ് ഈ ക്യാമ്പയിൻ,

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ക്യാമ്പയിൻ നടത്തുന്നതും ഈ പ്രശ്നം പരിഹരിക്കാൻ വേണ്ടിയാണ്. എന്റെ അഭിപ്രായത്തിൽ ഈ യജ്ഞം ഒരു വർഷം മുന്നോട്ട് പോയിക്കഴിഞ്ഞാൽ ഈ 3674 എക്സസ് അദ്ധ്യാപകരേയും അതാത് സ്ഥലങ്ങളിൽ, ഉണ്ടായിരുന്ന സ്ഥലങ്ങളിൽ തന്നെ തിരിച്ച് വിന്യസിക്കാൻ പറ്റും എന്നുതന്നെയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, അങ്ങ് ഇവിടെ നേരത്തേ പറഞ്ഞു, എയ്ഡഡ് വിദ്യാലയങ്ങളിൽ ഡിവിഷൻ ഫാൾ ഉണ്ടാകുമ്പോൾ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ സർക്കാർ വിദ്യാലയത്തിലേയ്ക്ക് മാറ്റാറുണ്ട് എന്നത്, ഇതേ എയ്ഡഡ് വിദ്യാലയത്തിൽ പിന്നീട് വേക്കൻസി വരുമ്പോൾ ഇവരെ തിരിച്ചു വിളിക്കുകയില്ല. അതിനുപകരം പുതിയ ആൾക്കാരെ വച്ച് കാശുവാങ്ങുകയും സർക്കാർ വിദ്യാലയത്തിൽ ഒരു അദ്ധ്യാപകന്റെ പോസ്റ്റ് നഷ്ടമാകുകയും ചെയ്യും. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നിലപാടാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, ഇതിൽ രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, സർക്കാർ സ്കൂളിലെ അദ്ധ്യാപകരുടെ പോസ്റ്റ് നഷ്ടപ്പെടുന്നില്ല. ഞാൻ പലതവണ അത് പറഞ്ഞു. ഉദാഃ സർക്കാർ എൽ.പി. സ്കൂളിലെ ഒരു ടീച്ചർക്ക് പഞ്ചായത്തിന്റെ ഇംപ്ലിമെന്റേഷൻ ചുമതലയുണ്ട്. പഞ്ചായത്തിന്റെ പദ്ധതി ഇംപ്ലിമെന്റ് ചെയ്യാൻ സർക്കാർ സ്കൂളിലെ ഒരദ്ധ്യാപകനെയാണ് ഏർപ്പെടുത്തുക. അപ്പോൾ സ്കൂളിൽ പഠിപ്പിക്കാൻ കഴിയാത്ത പ്രശ്നം വരും. കാരണം, പഠിപ്പിക്കലും പദ്ധതി ഇംപ്ലിമെന്റേഷനുംകൂടി കഴിയാത്തതുകൊണ്ട് ഇംപ്ലിമെന്റേഷൻ നടക്കും പഠിപ്പിക്കുന്നത് നടക്കില്ല. ഈ ഘട്ടത്തിൽ ആ അദ്ധ്യാപകന്റെ പഠിപ്പിക്കുകയെന്ന പ്രക്രിയയെ സഹായിക്കാനാണ് എക്സസായ അദ്ധ്യാപകരെ അവിടെ വയ്ക്കുന്നത്. അതൊരു പോസ്റ്റിലേയ്ക്കല്ല വയ്ക്കുന്നത്. നല്ലതുപോലെ എല്ലാവരും ശ്രദ്ധിക്കേണ്ട കാര്യമാണിത്. ഒരു പോസ്റ്റിൽ ഇദ്ദേഹത്തെ നിയമിച്ചാൽ മാത്രമേ പി.എസ്.സി-യിൽ നിന്ന് വരുന്നവർക്ക് തടസ്സമാവുകയോ, ഒരു പോസ്റ്റ് നഷ്ടപ്പെടുകയോ ചെയ്യുകയുള്ളൂ. പോസ്റ്റിലല്ല വയ്ക്കുന്നത്. മറിച്ച് ഇംപ്ലിമെന്റേഷനുവേണ്ടി.., അതുപോലെ ഐ.റ്റി. @ സ്കൂളിലേയ്ക്ക് വർക്ക് അറേഞ്ച്മെന്റിൽ പോകുകയാണ്. വർക്ക് അറേഞ്ച്മെന്റിൽ

പോകുമ്പോൾ വർക്ക് അറേഞ്ച്മെന്റ് മാത്രമേയുള്ളൂ, അവിടെത്തന്നെയാണ് ഈ അദ്ധ്യാപകന്റെ പോസ്റ്റ്. വർക്ക് അറേഞ്ച് ചെയ്തു എന്ന നിലയ്ക്ക് അവിടെ അദ്ധ്യാപകനുണ്ടാകില്ല, അദ്ധ്യാപകൻ ഐ.റ്റി. @ സ്കൂളിലാകും ഉണ്ടാവുക. അപ്പോൾ അവിടെ കുട്ടികൾ സഫർ ചെയ്യില്ലേ; അവിടെയാണ് എക്സസ് അദ്ധ്യാപകരെ നമ്മൾ പോസ്റ്റ് ചെയ്യുന്നത്. കുട്ടികൾക്ക് പഠനം നഷ്ടപ്പെടരുത് എന്ന ലക്ഷ്യം വച്ചുകൊണ്ട് ഇങ്ങനെ പോസ്റ്റുകൾ കണ്ടെത്തി വളരെ ബുദ്ധിമുട്ടിയാണ് ഇവരെ വിന്യസിച്ചിട്ടുള്ളത്. ഒരു പോസ്റ്റിലും ഇവരെ വിന്യസിച്ചിട്ടില്ല ഒരാൾക്കും നഷ്ടമുണ്ടാകില്ല. ഇനി എയ്ഡഡ് സ്കൂളിൽ വീണ്ടും പോസ്റ്റ് വരികയാണെങ്കിൽ തീർച്ചയായും ഒരു സംശയവും വേണ്ട, അവിടെനിന്നും മാറ്റിയവരെ തിരിച്ച് അങ്ങോട്ട് കൊണ്ടുപോകും. അതല്ലാതെ അവർക്ക് സ്വയം അപ്പോയിന്റ് ചെയ്യാൻ സമ്മതിക്കില്ല.

<u>ശ്രീ. വി. ജോയി</u>: സർ, തസ്തിക നഷ്ടപ്പെട്ടവർ 3674 എന്നും അതിൽ 2704 പേർക്ക് പുനർവിന്യാസം നൽകിയതായും പറഞ്ഞു. അപ്പോൾ ശേഷിക്കുന്ന ആയിരത്തോളം പേരുടെ ശമ്പളംകൊടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ; ഒരു മാനേജർക്ക് ഒന്നിലധികം സ്കൂളുകളുണ്ട്. ഒരു സ്കൂളിൽ ഒരദ്ധ്യാപകന് തസ്തിക നഷ്ടപ്പെട്ടാൽ മറ്റ് സ്കൂളിലേയ്ക്ക്

എടുക്കുന്നില്ലായെന്ന പരാതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, സാധാരണനിലയ്ക്ക് ഇതുവരെ അതതു മാനേജ്മെന്റുകളിൽ എക്സസ് അദ്ധ്യാപകരെ വിന്യസിച്ചിട്ടുണ്ട്. അതാണ് പൊതു അറിവ്. പല സ്കൂളുകളും അതല്ലാത്തതുപോലും വിന്യസിച്ചിട്ടുണ്ട്. പക്ഷെ, ബഹുഭൂരിപക്ഷം ആളുകളും എക്സസ് അദ്ധ്യാപകരെ സ്വീകരിക്കാൻ തയ്യാറായിട്ടില്ലെന്നുള്ളതാണ് വസ്തുത. അങ്ങനെ വരുമ്പോൾ എയ്ഡഡ് സ്കൂളുകളിൽ വരുന്ന എക്സസ് സ്റ്റാഫ്, ആ സ്റ്റാഫിനെ മറ്റെവിടെയെങ്കിലും നിയമിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല എന്നുള്ളതുകൊണ്ടുതന്നെയാണ് സർക്കാർ സ്കൂളിൽ നിയമിക്കുന്നത്. ഏതെങ്കിലും ഒരു ജോലി അവർക്ക് കൊടുത്തതിനുശേഷം മാത്രമേ ശമ്പളം കൊടുക്കാൻ കഴിയുകയുള്ളൂ. 700 പേരെ അത്തരത്തിൽ പുനർവിന്യസിക്കാൻ പറ്റിയിട്ടില്ല. അതിന്റെ കാരണം കോടതിയുടെ ഉത്തരവാണ്. കോടതി പുനർ ഉത്തരവിന് 14-ാം തീയതിയാണ് സമയം വച്ചിരിക്കുന്നത്. അതനുസരിച്ച് വീണ്ടും പുനർവിന്യസിക്കുവാൻ അനുവാദം കിട്ടിക്കഴിഞ്ഞാൽ ഇതുപോലെതന്നെ ഒരു പോസ്റ്റിലും തടസ്സംവരാതെ, എന്നാൽ കുട്ടികൾക്ക് പഠനസൗകര്യം വർദ്ധിക്കത്തക്ക രീതിയിൽ ഇവരെ വിന്യസിക്കുകയും പിന്നീട് അവരെ അതതു സ്ഥലങ്ങളിൽ

തിരിച്ചുകൊണ്ടുവരുവാൻ പറ്റുന്ന രീതിയിൽ നിലപാടെടുത്ത് ശമ്പളം കൊടുക്കാനുള്ള അവസരവും ഉണ്ടാക്കുന്നുണ്ട്. ഇപ്പോൾ 700 പേർക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത പ്രശ്നമുണ്ട് എന്നുള്ളത് വസ്തുതയാണ്.

ശ്രീ. പി. ടി. തോമസ്: സർ, വർഷങ്ങളായി ഇങ്ങനെ നിരന്തരമായി തർക്കവിതർക്കങ്ങളിൽപ്പെട്ട് കേരളത്തിലെ വിദ്യാഭ്യാസമേഖല, പ്രത്യേകിച്ച് അദ്ധ്യാപകമേഖല തടസ്സപ്പെട്ടുകിടക്കുകയാണ്. ആധുനിക വാർത്താമാധ്യമ സംവിധാനങ്ങളും ഉപകരണങ്ങളുമൊക്കെ ലഭ്യമായിട്ടും സ്വകാര്യമാനേജ്മെന്റുകളുടെ ഏറ്റവും വലിയ പരാതി അവരുടെ ആളുകൾക്കൊന്നും നിയമനമില്ല, അവരുടെ അവകാശങ്ങൾ കവർന്നെടുക്കുന്നുവെന്നാണ്. എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി., എന്നീ ഓഫീസുകളിൽ ചെന്നുകഴിഞ്ഞാൽ അദ്ധ്യാപകർ അടിമകളെപ്പോലെ അവിടെ കാത്തുനിൽക്കേണ്ട ഗതികേടുമുണ്ട്. എന്റെ ചോദ്യം, കേരളത്തിലെ ലക്ഷക്കണക്കിന് അദ്ധ്യാപകർ ജോലി ചെയ്യുന്ന സ്വകാര്യമേഖലയിൽ സംവരണമില്ല. അവിടെ സംവരണം ഏർപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. സംവരണം ഏർപ്പെടുത്തുന്നില്ലായെന്നുമാത്രമല്ല, ഇവർ പ്രൊട്ടക്റ്റഡായി ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് പോകുമ്പോൾ അവിടെയുള്ള

സംവരണം കാലങ്ങളായി കൈവശംവയ്ക്കുകയും... അവിടെയുള്ള സംവരണംപോലും നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഇത് 'രാമേശ്വരം ക്ഷൗരം' പോലെ ഇങ്ങനെ തുടർന്നു കൊണ്ടിരിക്കുകയാണ്. ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കാൻ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തോടെ കുട്ടികളെയും അദ്ധ്യാപകരെയും ഒഴിവുകളുമൊക്കെ മുന്നിൽ കണ്ട് വളരെ ഭാവനാസമ്പന്നമായി ഈ കാര്യങ്ങൾ ചെയ്യാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, രണ്ടുമൂന്ന് ചോദ്യം അങ്ങ് ചോദിച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിൽ ഈ സർക്കാർ സംവരണം ഏർപ്പെടുത്തുകയുണ്ടായി. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകനിയമന രംഗത്ത് ഭിന്നശേഷിയുള്ളവർക്ക് മൂന്ന് ശതമാനം സംവരണം ഒരു മാസം മുൻപ് ഈ സർക്കാർ ഏർപ്പെടുത്തി. നേരത്തെ സൂചിപ്പിച്ചതിൽ ബാക്കിയുള്ള കാര്യങ്ങൾ നയപരമായി തീരുമാനിക്കേണ്ടതാണ്. മറ്റൊന്ന്, അങ്ങ് സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആധുനിക സാങ്കേതികവിദ്യ പ്രത്യേകിച്ച് modernisation നടക്കാൻ പോകുന്നു, ഇതിനൊക്കെ പരിഹാരം എങ്ങനെയുണ്ടാക്കുമെന്നുള്ള ചോദ്യം, വളരെ ശരിയാണ്. അതിന്

ഇതുവരെയില്ലാത്തവിധം വിദ്യാഭ്യാസവകുപ്പ് ഒരു പ്രത്യേക സോഫ്റ്റ്‌വെയർ തയ്യാറാക്കിക്കൊണ്ട് കേരളത്തിലെ എല്ലാ സ്കൂളുകളിലും, സ്കൂളുകൾ മാത്രമല്ല, വൊക്കേഷണൽ ഹയർസെക്കന്ററി, ഹയർ സെക്കന്ററി, ഈ തലത്തിൽ 2019 മാർച്ച് 31 വരെ റിട്ടയർ ചെയ്യാൻ പോകുന്ന അദ്ധ്യാപകരുടെ കണക്ക് പൂർണ്ണമായിട്ടും ശേഖരിച്ചുകഴിഞ്ഞു. ഇത് പി.എസ്.സി.ക്ക് കൊടുക്കേണ്ട പ്രക്രിയ ഉണ്ട്. അപ്പോയിന്റ് ചെയ്യുന്ന അതോറിറ്റി പി.എസ്.സി.-യാണെന്ന ചില നിയമപ്രശ്നങ്ങളൊക്കെയുണ്ട്. ഇതുപോലെ കേരളത്തിലെ എല്ലാ മേഖലയിലും സോഫ്റ്റ്‌വെയർ വച്ച് മോണിറ്ററിംഗ് സിസ്റ്റത്തിലൂടെയും കളക്റ്റിംഗ് സിസ്റ്റത്തിലൂടെയും ഇതെല്ലാം ചെയ്യാനുള്ള modernisation പ്രോഗ്രാമിലാണ്. അതിൽ ആദ്യത്തെ പടി, എയ്ഡഡ് - മാനേജ്മെന്റ് അടക്കമുള്ള എല്ലാ സ്കൂളുകളിലേയും 2019 മാർച്ച് 31 വരെയുള്ള അദ്ധ്യാപകരുടെ കണക്കുകൾ ശേഖരിക്കുക എന്നതാണ്. പിന്നീട് സംവരണം ഏർപ്പെടുത്തുന്നതിനുംമറ്റും ഈ കണക്കുകൾ നമ്മുടെ കയ്യിലുണ്ട്. ഇനി മറ്റൊരുകാര്യം, പി.എസ്.സി-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന പരാതി പൊതുവിൽ പലർക്കുമുണ്ട്. ആ പരാതി പരിഹരിക്കാനാണ് ഇങ്ങനെയുള്ള ഇടപെടൽ നടത്തിയിട്ടുള്ളത്. അപ്പോൾ ഡി.ഡി. ആണോ/വൊക്കേഷണൽ ഹയർസെക്കന്ററി

ഡയറക്ടറാണോ; ആരാണോ ഇത് കളക്ട് ചെയ്യേണ്ടത്, അവർ കളക്ട് ചെയ്ത് അയയ്ക്കുന്നതിന് പകരം നേരിട്ട് ഒരു സോഫ്റ്റ്‌വെയറിലൂടെ പൂർണ്ണമായി കളക്ട് ചെയ്യുകയാണ് ചെയ്യുന്നത്. ഇനിമുതൽ ആരും താഴെത്തലത്തിൽനിന്ന് വേക്കൻസി റിപ്പോർട്ട് ചെയ്യേണ്ട പ്രശ്നമില്ല. അത് നേരിട്ട് കളക്ട് ചെയ്യാനുള്ള സംവിധാനം വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കി കഴിഞ്ഞു.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, നമ്മുടെ സ്കൂളുകളിൽ ഇപ്പോൾ മൂന്ന് അധികാര കേന്ദ്രങ്ങളുണ്ട്. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, അതുപോലെ ഹയർസെക്കന്ററിക്ക് പ്രിൻസിപ്പാൾ, അതേ സ്കൂളിൽതന്നെ വി.എച്ച്.എസ്.ഇ. ഉണ്ടെങ്കിൽ വി.എച്ച്.എസ്.ഇ-ക്ക് മറ്റൊരു പ്രിൻസിപ്പാൾ. ഈ മൂന്ന് അധികാര കേന്ദ്രങ്ങൾ ഉണ്ടാകുന്നതുകൊണ്ട് അവിടെ പലപ്പോഴും അധികാര തർക്കവിതർക്കങ്ങളുണ്ടാകുകയാണ്. അതുപോലെതന്നെ സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തെ അത് ബാധിക്കുന്നു. അതുകൊണ്ട് അദ്ധ്യാപക സംഘടനകളുമായി ആലോചിച്ച്, പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്ത് സമഗ്രമായൊരു പരിഷ്കാരത്തിന് ഈ സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. അത് വളരെ ശ്ലാഘനീയവും അഭിനന്ദാർഹവുമാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ സ്കൂളുകളിൽ എട്ടുമുതൽ പന്ത്രണ്ടുവരെ ഒരു

യൂണിറ്റായിട്ടാണ് കണക്കാക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ ഒരു സ്കൂളിൽ ഒരു മേധാവിയെന്ന രീതിയിൽ പരിഷ്കാരം വരുത്തുവാൻ സർക്കാർ തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് :സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ശ്രീ. റ്റി. വി. രാജേഷ് ചോദിച്ചത്. പക്ഷേ അതൊരു നയപരമായ പ്രശ്നമാണ്. ഇന്ന് എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും കാമ്പസ്സുകളിലുമെല്ലാം അനുഭവിക്കുന്ന ഒരു പ്രശ്നമാണ്. ആ പ്രശ്ന പരിഹാരത്തിന് ഒരു നിർദ്ദേശമെന്ന നിലയിലാണ് ശ്രീ. റ്റി. വി. രാജേഷ് കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. അത്തരത്തിൽ അത് കൂട്ടായി ആലോചിക്കേണ്ട വിഷയമാണ്. കേരളത്തിൽ ഭരണരംഗത്ത് നിൽക്കുന്നവർ മാത്രം ആലോചിക്കേണ്ട വിഷയമല്ല. കാരണം പ്ലസ് ടു രൂപീകരണവും അതിലൂടെയുള്ള ഹയർസെക്കന്ററി പ്രശ്നങ്ങളുമൊക്കെ വർഷങ്ങളായി വന്നിട്ടുള്ള വിഷയങ്ങളാണ്. അപ്പോൾ അതെല്ലാം പരിഹരിക്കുന്നതിന് നല്ലൊരു കൂട്ടായ ശ്രമം ആവശ്യമാണ്. ഏതായാലും സംഘടനകൾ മാത്രമല്ല, രാഷ്ട്രീയ പ്രസ്ഥാനങ്ങളും എല്ലാവരുമായി ആലോചിച്ച് ഈ പ്രശ്നം പരിഹരിച്ച്, നേരത്തെ പറഞ്ഞ പ്രശ്നങ്ങൾ ഇല്ലാത്ത രീതിയിൽ പ്രോബ്ലം ഫ്രീ സെക്കറാക്കി പ്രൈമറി സെക്കറിനെ മാറ്റാനുള്ള ഒരു ശ്രമം

എല്ലാവരുടേയും സഹകരണത്തോടെ നടത്താനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ വർക്ക്ലോഡാണുള്ളത്. നേരത്തെ കോളേജിന്റെ ഭാഗമായിരുന്ന പ്ലസ് ടു കോഴ്സ് ഇപ്പോൾ ഹയർസെക്കന്ററിയിലാക്കി. ഹയർ സെക്കന്ററിയെന്ന് പറഞ്ഞാൽ ആ കോഴ്സ് ടെർമിനൽ കോഴ്സാണ്. ഒരു വിദ്യാർത്ഥിയുടെ എല്ലാ ഹയർ എഡ്യൂക്കേഷനും ഹയർ സെക്കന്ററി റിസൾട്ടിനെ ആശ്രയിച്ചാണ് പോകുന്നത്. അങ്ങനെയുള്ള കോഴ്സ് പൊതു വിദ്യാഭ്യാസത്തിൽ ലിങ്ക് ചെയ്യുന്നതിനുപകരം നിലവിലുള്ളതുപോലെ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിലനിർത്തുന്നതല്ലേ ആശാസ്യം; അതൊന്ന്. രണ്ടാമത്തേത്, എയ്ഡഡ് സ്കൂളുകളിലെ നിയമനം പി.എസ്.സി-ക്ക് വിടാൻ ഉദ്ദേശിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരം, ഞാൻ നേരത്തെ പറഞ്ഞതുപോലെ രണ്ടഭിപ്രായങ്ങളുണ്ട്. ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞ ഒരഭിപ്രായം, മറ്റൊന്ന് അങ്ങ് പറഞ്ഞ വേറൊരഭിപ്രായം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, എല്ലാവരുംകൂടി ചർച്ച ചെയ്ത് വലിയൊരു സമന്വയം ആവശ്യമാണ് എന്ന്. ഒന്നുമുതൽ പന്ത്രണ്ടുവരെ ഒരു സ്കീമായി

നിൽക്കുന്ന വലിയൊരു ധാരയുണ്ട്. അങ്ങ് പറഞ്ഞതുപോലെ, പ്ലസ് ടൂ എന്നത് മറ്റൊരു ധാരയിൽ നിൽക്കുന്ന ഒന്നാണ്. അത് സ്വാഭാവികമാണ്. വൈവിദ്ധ്യമെന്നത് ജനാധിപത്യത്തിന്റെ ഏറ്റവും അടിത്തറയാണ്. അതുകൊണ്ട് വൈവിദ്ധ്യമാർന്ന ചിന്തകളുണ്ടാകും. അപ്പോൾ ഭരണകൂടത്തിന്റെ ചുമതല ആ വൈവിദ്ധ്യത്തിൽ നിന്നും ഏകീകൃതമായ രൂപമുണ്ടാക്കുകയാണ് എന്നുള്ളതുകൊണ്ട് അത്തരമൊരു ശ്രമം നടത്താനാണ്. അതാണോ ഇതാണൊയെന്നുള്ളത് ഒരു പൊതുവായ ചർച്ചയുടെ ഭാഗമായി നമുക്ക് ഉരുത്തിരിച്ചെടുക്കാം. രണ്ടാമത് അങ്ങിവിടെ പറഞ്ഞതിനെപ്പറ്റി ഞാൻ നേരത്തെ സൂചിപ്പിച്ചു, അതൊരു നയപരമായ പ്രശ്നമാണ്. അതൊരു നയമെന്ന രീതിയിൽ രൂപീകരിച്ചതിനുശേഷം മാത്രമെ പ്രത്യേകിച്ച് മറുപടി പറയാൻ കഴിയൂ.

<u>മി. സ്പീക്കർ</u>: വിഷയം വിദ്യാഭ്യാസമായതുകൊണ്ടാണ് ഇത്രയുമധികം സമയമെടുത്തത്. ഒരു ഉപചോദ്യം ചെയർ പ്രതീക്ഷിച്ചിരുന്നു. പൊതു വിദ്യാലയങ്ങളിൽനിന്നും ഇംഗ്ലീഷ് മീഡിയത്തിലേയ്ക്ക് പോകുന്നത്, ഇംഗ്ലീഷ് വിദ്യാഭ്യാസം ശരിയാകുമോയെന്ന സംശയം രക്ഷിതാക്കൾക്കുള്ളതു കൊണ്ടാണ്. പൊതുവിദ്യാലയത്തെ ശക്തിപ്പെടുത്തുമ്പോൾ ഇംഗ്ലീഷ്

വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റം നടത്താൻ സംസ്ഥാന സർക്കാർ ശ്രമിക്കുമ്പോൾ അങ്ങ് പറഞ്ഞ വിഷയം വളരെ പ്രധാനപ്പെട്ട ഇഷ്യൂവായി എടുത്തിട്ടുണ്ട്. എപ്പോഴും പഠനം മാതൃഭാഷയിലാകണം എന്നുള്ളത് ഒരു സങ്കൽപ്പംതന്നെയാണ്. എങ്കിലേ വിഷയം പൂർണ്ണമായും എല്ലാവർക്കും മനസ്സിലാകുകയുള്ളൂ. അതിൽതന്നെയുള്ള സബ്ജക്ട്‌വൈസ് ട്രാൻസ്പരൻസി പൂർണ്ണമാകുകയുള്ളൂ. പക്ഷേ നമുക്ക് മറ്റ് ഭാഷകളും അറിയേണ്ടതുണ്ട്. ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ് എടുത്തിരിക്കുന്ന ഒരു നയം, മൂന്ന് ഭാഷകളെങ്കിലും പറയാൻ കഴിയണം എന്നുള്ളതാണ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി. അതുകൊണ്ട് ഇംഗ്ലീഷ് കേരളത്തിലെ എല്ലാ കുട്ടികൾക്കും നല്ലപോലെ പറയാൻ കഴിയുന്ന രീതിയിലുള്ള ട്രെയിനിംഗ് ആരംഭിച്ചുകഴിഞ്ഞു. എസ്.എസ്.എ-യുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം മാസ്റ്റർ ട്രെയിനേഴ്സിനുള്ള പരിശീലനം കൊടുത്തു. കേരളത്തിലെ ഒന്നുമുതൽ ഏഴുവരെയുള്ള എല്ലാ അദ്ധ്യാപകർക്കും ഇംഗ്ലീഷിൽ പരിശീലനം നൽകാൻ പോകുകയാണ്. അതിനുശേഷം ഹിന്ദിയിലും പരിശീലനം നൽകുന്നതോടുകൂടി കേരളത്തിലെ

വിദ്യാഭ്യാസരംഗത്ത് കുട്ടികൾക്ക് മൂന്ന് ഭാഷയെങ്കിലും പറയാനുള്ള സാഹചര്യമുണ്ടാകുമെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യംതന്നെയാണ്.

ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം

(*692) ശ്രീ.കാരാട്ട് റസാഖ്
ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ. പി.ടി.എ. റഹീം
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഭവന നിർമ്മാണ മേഖലയിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വീട് നിർമ്മാണത്തിനുള്ള ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ചെലവു കുറഞ്ഞ വീട് എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ; ഇതു സംബന്ധിച്ച് നയം വ്യക്തമാക്കാമോ;

(ഡി) ലോ കോസ്റ്റ് കൺസ്ട്രക്ഷൻ സംബന്ധിച്ച് സംസ്ഥാനത്ത് ഇന്ന് ലഭ്യമായ സാങ്കേതിക വിദ്യകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത്തരം

സാങ്കേതിക വിദ്യയും സാങ്കേതിക സഹായവും നൽകുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, (എ&ബി) ഉണ്ട്. ഭവനനിർമ്മാണ ബോർഡ് അതിന്റെ ആരംഭം മുതൽ ഇതുവരെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്കായി 7 ലക്ഷത്തിൽപ്പരം വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ പാരസ്പര്യം മാതൃകയിൽ വീടുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതുപ്രകാരം തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ലാറ്റുകൾ ബോർഡ് ഇതിനകം നിർമ്മിച്ച കഴിഞ്ഞിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ബോർഡ് ഇതേ മാതൃകയിൽ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കെ.എസ്.എച്ച്.ബി. ആക്ട് 1971 പ്രകാരം രൂപീകരിക്കപ്പെട്ട സർക്കാരിന്റെ പ്രമുഖ ഏജൻസിയായ ഭവന നിർമ്മാണ ബോർഡിന് ടി ആക്ട് പ്രകാരം വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം എന്നീ മേഖലകൾ ഉൾപ്പെടെയുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിൽ മേൽപ്പറഞ്ഞ മേഖലകളിലുള്ള കെട്ടിടനിർമ്മാണ ജോലികൾ കൂടി ഭവനനിർമ്മാണ ബോർഡ് മുഖേന

നടപ്പിലാക്കിക്കൊണ്ട് ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.

(സി) ചെലവ് കുറഞ്ഞ വീട് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വീടുകൾ, പാർപ്പിട സുരക്ഷ പ്രകാരം സർക്കാർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാർപ്പിട സമുച്ചയങ്ങൾ എന്നിവ നിർമ്മിക്കാവുന്നതാണ്. ചെലവ് കുറഞ്ഞ കെട്ടിടനിർമ്മാണ സാങ്കേതിക വിദ്യകൾ അഥവാ സീഫ് ടെക്നോളജി വികസിപ്പിക്കുന്നതിന്റെയും പ്രചരിപ്പിക്കുന്നതിന്റെയും ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സംസ്ഥാന നിർമ്മിതി കേന്ദ്രം സ്വീകരിച്ചുവരുന്നു.

കൂടാതെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്ക്) സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന വിവിധ സ്കീമുകൾ ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ രീതി പ്രചരിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്നു.

1. ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയിൽ (സീഫ്) പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ദ്ധർക്കും അവബോധം ഉണ്ടാക്കുന്നതിലേക്കായി വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു.

2. ചെലവ് കുറഞ്ഞതും ഗുണമേന്മയുള്ളതുമായ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്ന നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

3. വിവദഗ്ധ തൊഴിലാളികളുടെ ദൗർബല്യം പരിഹരിക്കുന്നതിനായി നിർമ്മാണ മേഖലകളിലെ വിവിധ ട്രേഡുകളിൽ യുവതീ യുവാക്കൾക്ക് പരിശീലനം നൽകുന്നുണ്ട്.

4. നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണമേന്മ പരിശോധനയ്ക്കായി പരിശോധനാ കേന്ദ്രങ്ങൾ ആരംഭിച്ച് വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

5. കെട്ടിട നിർമ്മാണ മേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) എന്ന ഗവേഷണ സ്ഥാപനം ആരംഭിച്ചു.

6. കെട്ടിട നിർമ്മാണ ന്യായവില വിപണന കേന്ദ്രം (കലവറ) വഴി സിമന്റ്, കമ്പി എന്നിവ 600 ചതുരശ്ര അടി തറ വിസ്തീർണ്ണം വരെയുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പൊതു വിപണിയിലെ വിലയേക്കാൾ 15% വില കുറച്ച് വിതരണം ചെയ്തു വരുന്നു. റീജിയണൽ സെന്ററിലുള്ള ഹൗസിംഗ് ഗൈഡൻസ് സെന്റർ വഴി പൊതുജനങ്ങൾക്ക് ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയിൽ അവബോധം ഉണ്ടാക്കുന്നതിനോടൊപ്പം ആവശ്യക്കാർക്ക് വീട്

നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായവും നൽകി വരുന്നു.

7. കെട്ടിട നിർമ്മാണ രംഗത്ത് പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെസ്നിക്കിന്റെ കാമ്പസിൽ ഒരു മാതൃക ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ചെലവ് കുറയ്ക്കുന്നതോടൊപ്പം വേഗതയിലുള്ള നിർമ്മാണവും സാധ്യമാകും എന്നതാണ് ഇതിന്റെ പ്രത്യേകത.

ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തി ഭവനരഹിതമുക്ത കേരളം എന്ന സ്വപ്നം സാക്ഷാൽക്കരിക്കുക എന്നതാണ് സർക്കാരിന്റെ നയം.

(ഡി) ലോ കോസ്റ്റ് കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ട ഫാക്ടിന്റെ ഉപോൽപ്പന്നമായ ജിപ്സം ഉപയോഗിച്ച് നിർമ്മിക്കുന്ന ജി.എഫ്.ആർ.ജി. പാനൽ (ഗ്ലാസ് ഫൈബർ റീഇൻഫോഴ്സ്സ് ജിപ്സം പാനൽ) ഇപ്പോൾ സംസ്ഥാനത്ത് ലഭ്യമാണ്. ഇത് കൊച്ചിയിലെ അമ്പലമേടിലുള്ള ഫാക്ടിന്റെ ഫാക്ടറിയിൽ നിർമ്മിച്ചുവരുന്നു. കൂടാതെ ഇഷ്ടികകൊണ്ടുള്ള പൊള്ളക്കെട്ട്, ഫില്ലർ സ്ലാബ്, ബലപ്പെടുത്തിയ മൺകട്ടകൾ, ഇന്റർ ലോക്ക് മൺകട്ടകൾ, ബാംബു കൺസ്ട്രക്ഷൻ, മഡ് കൺസ്ട്രക്ഷൻ തുടങ്ങിയവയും നിലവിൽ ഉപയോഗിച്ചുവരുന്ന ലോകോസ്റ്റ്

സാങ്കേതിക വിദ്യകളാണ്. ഇത്തരം സാങ്കേതിക സഹായം നൽകുന്ന സ്ഥാപനങ്ങൾ സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്ക്) ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, കോസ്റ്റ് ഫോർഡ്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയാണ്.

ശ്രീ. കാരാട്ട് റസാഖ്:സർ, ഭവന പദ്ധതി വളരെ നല്ലനിലയിൽ മുന്നോട്ട് പോകുന്നുവെന്ന് മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മനുഷ്യസമൂഹം വീടെന്ന സ്വപ്നം വളരെ താൽപര്യത്തോടുകൂടിയാണ് കാണുന്നത്. പലപ്പോഴും താഴെത്തട്ടിലുള്ള ആളുകൾക്ക് ഇത്തരം പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ ഇത്തരം പദ്ധതികൾ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കും?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്തെ എല്ലാ ഭൂരഹിത കുടുംബങ്ങൾക്കും വീട് ഉറപ്പാക്കുന്ന സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. ഈ പദ്ധതി വളരെ വിപുലമായി നടപ്പാക്കുമ്പോൾ സമൂഹത്തിലെ ഏറ്റവും ദുർബല ജനവിഭാഗങ്ങൾ

ഉൾപ്പെടെയുള്ളവർക്ക് വീട് ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകുമെന്നത് ഉറപ്പാണ്.

ശ്രീ. കാരാട്ട് റസാഖ്: കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ഇ.എം.എസ്. ഭനവനിർമ്മാണ പദ്ധതി നടപ്പിലാക്കിയിരുന്നു. അത് സാധാരണ ജനവിഭാഗങ്ങൾക്ക് വളരെയധികം പ്രയോജനപ്പെട്ടിരുന്നു. എന്നാൽ പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ആ പദ്ധതി നിർത്തലാക്കി. അത് മാത്രമല്ല കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാന സർക്കാർ വിഹിതമായി ഗുണഭോക്താക്കൾക്ക് നൽകാനുള്ള അൻപതിനായിരം രൂപ നൽകാത്തതിനാൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ട് ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതിയിൽ ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയെക്കൂടി ഉൾപ്പെടുത്തി മുന്നോട്ട് പോകാൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഭവനനിർമ്മാണ ബോർഡിന്റെ ആഭിമുഖ്യത്തിലല്ല, പക്ഷേ കേരളത്തിൽ ഇനി നടപ്പാക്കാൻ പോകുന്ന സമ്പൂർണ്ണ ഭവന നിർമ്മാണ സംവിധാനത്തിന്റെ ഭാഗമായി നിലവിൽ അപൂർണ്ണമായി കിടക്കുന്ന വീടുകളുടെ നിർമ്മാണപ്രവർത്തനം ഉൾപ്പെടെയുള്ളവ പൂർത്തീകരിക്കാനും നേരത്തെ പറഞ്ഞതുപോലെ ഭൂമിയും വീടുമില്ലാത്തവർക്ക് അത് നൽകുന്ന പദ്ധതി

നടപ്പാക്കുന്നതിന്റെ ഭാഗമായി നേരത്തെ ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ ഭവനങ്ങളുടെ കാര്യത്തിലുള്ള നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാനുള്ള സഹായം ഉണ്ടാകും.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഹൗസിംഗ് ബോർഡ് പൊതുവിൽ പ്രവർത്തന രംഗത്തുനിന്ന് വിട്ടുപോയതുപോലുള്ള അനുഭവമാണ് മനസ്സിൽ ഓടുന്നത്. 1996-98 കാലഘട്ടത്തിൽ 50,000 രൂപ വരെയുള്ള പദ്ധതികൾ നടപ്പിലാക്കി. മുഴുവൻ തുകയും ഗഡുക്കളായി തിരിച്ചടച്ചവർക്ക് പട്ടയം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. പണം അടച്ച ആഫീസിൽ രസീത് ചോദിച്ചാൽ തൊട്ടടുത്ത ആഫീസിന്റെ കാര്യം വിശദീകരിക്കുന്ന സാഹചര്യമാണുള്ളത്. ഇക്കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഒരു അദാലത്ത് നടപ്പിലാക്കി ഗഡുക്കൾ പൂർണ്ണമായി തിരിച്ചടച്ചവർക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ട് വച്ച ഒട്ടനവധി നിർമ്മാണ പ്രവർത്തനങ്ങളുണ്ട്. അക്കാര്യങ്ങളിൽ ഇടപെടാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച വിഷയങ്ങൾ ശരിയാണ്. ഭവനനിർമ്മാണ ബോർഡിൽനിന്നെടുത്ത വായ്പകൾ

തിരിച്ചടച്ച് കഴിഞ്ഞാലും ഇതുമായി ബന്ധപ്പെട്ട രേഖകൾ തിരിച്ച് ലഭിക്കുന്നില്ല എന്ന പരാതി കേൾക്കുന്നുണ്ട്. അത്തരം വിഷയം തീർച്ചയായും പരിശോധിക്കാവുന്നതാണ്. ഭവനനിർമ്മാണ ബോർഡിൽ നിന്ന് വായ്പ എടുത്ത ബഹുഭൂരിപക്ഷം ആളുകളും യഥാസമയം പണം തിരിച്ചടയ്ക്കുന്നില്ല എന്നതാണ് ഒരു പ്രധാന വിഷയം. തുക തിരിച്ചടച്ച ശേഷവും അവരുടെ രേഖ കിട്ടാത്ത കേസ്സുകൾ പരിശോധിക്കും. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കാത്ത വിഷയം ഇവിടെ നിലനിൽക്കുന്നില്ല. ഏഴ് ലക്ഷം വീടുകൾ നേരിട്ട് നിർമ്മിക്കാനും വായ്പ കൊടുത്ത് നിർമ്മിക്കാനും ഭവനനിർമ്മാണ ബോർഡിന്റെ ഈ കാലയളവിലെ പ്രവർത്തനംകൊണ്ട് സാധ്യമായിട്ടുണ്ട്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഭവനനിർമ്മാണ ബോർഡ് ഭാവനാപൂർണ്ണമായ നല്ല പരിപാടികളാണ് ആവിഷ്കരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മുൻപ് മൈത്രി ഭവനനിർമ്മാണ പദ്ധതി എന്നൊരു പദ്ധതിയുണ്ടായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനെയാണ് അത് നടപ്പാക്കിയിരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂർ പണം ബോർഡിലടയ്ക്കണമെന്നായിരുന്നു വ്യവസ്ഥ. ഇങ്ങനെ അടച്ചിട്ടുള്ള പദ്ധതി പിന്നീട്

നടന്നിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. മൈത്രി ഭവനനിർമ്മാണ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; പഞ്ചായത്തുകൾക്ക് പണം തിരിച്ച് കൊടുക്കണമെന്ന് നിയമസഭാ സമിതി പലതവണ ആവശ്യപ്പെട്ടതാണ്. അതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ വിശദമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഭവനനിർമ്മാണ ബോർഡിന്റെ നേതൃത്വത്തിലുണ്ടായിരുന്ന മൈത്രി ഭവനനിർമ്മാണ പദ്ധതി ഇപ്പോൾ നിലവിലില്ല. അത് നേരത്തെയുണ്ടായിരുന്ന പദ്ധതിയാണ്. അതിന് സഹായം നൽകുന്ന ചില ഏജൻസികൾ, പഞ്ചായത്തുകൾ അല്ലെങ്കിൽ ബെനിഫിഷ്യറീസ് അവരുടേതായ വിഹിതം പലപ്പോഴും വേണ്ട സമയത്ത് നൽകുന്നില്ല എന്നുള്ളതുകൊണ്ട് ആ പദ്ധതി ഇപ്പോൾ തുടർന്ന് നടക്കുന്നില്ല.

ശ്രീ. ഒ. ആർ. കേളു: സർ, വീട് നമ്മുടെയെല്ലാം സ്വപ്നമാണ്. ഗവൺമെന്റും വിവിധ സർക്കാർ ഏജൻസികളും വീട് നൽകി വരുന്നുണ്ട്. പക്ഷെ ഒരു വീടിന് അനുമതി നൽകി കഴിഞ്ഞാൽ അത് സമയബന്ധിതമായി നിർമ്മിക്കാൻ ഗുണഭോക്താവിന് കഴിയുന്നില്ല. നിർമ്മാണ സാമഗ്രികൾ യഥേഷ്ടം ലഭിക്കുന്നില്ല എന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട കാര്യം. ലഭിക്കുന്ന വസ്തുക്കൾക്ക് വലിയ വിലയാണ് മാർക്കറ്റിലുള്ളത്. അവസാനം വീട് നിർമ്മിച്ചു കഴിയുമ്പോൾ വലിയ കടത്തിലാണ്

വീടിന്റെ ഗുണഭോക്താവ് എത്തിച്ചേരുന്നത്. ഇത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിന് ഭവനനിർമ്മാണ ബോർഡ് കലവറ മോഡലിൽ നിർമ്മാണ സാമഗ്രികൾക്ക് വില കുറച്ച് ഏത് രീതിയിലാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് എന്നറിയാൻ താല്പര്യമുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഭവനനിർമ്മാണത്തിന് ആവശ്യമായി വരുന്ന അസംസ്കൃത വസ്തുക്കളിൽ പലതിന്റേയും വില ക്രമാതീതമായി വർദ്ധിച്ചുവരുന്നു എന്നത് ശരിയാണ്. പല പദ്ധതികളും വേണ്ട രീതിയിൽ പൂർത്തീകരിക്കാൻ കഴിയാതെ പോകുന്നതിന്റെ പ്രധാനപ്പെട്ട കാരണം അതാണ്. നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഭവനനിർമ്മാണത്തിന് അനുവദിച്ചു കൊടുത്തിരുന്ന സഹായങ്ങൾ, 2 ലക്ഷം രൂപ ബോർഡ് സബ്സിഡി കൊടുക്കുകയും ഒരു ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ അല്ലെങ്കിൽ അവർ സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും എൻ.ജി.ഒ.കൾ നൽകുകയും, ബെനിഫിഷ്യറീസ് ഇരുപത്തയ്യായിരം രൂപയും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇരുപത്തയ്യായിരം രൂപയും നൽകുന്ന മൂന്നര ലക്ഷത്തിന്റെ ഒരു പദ്ധതിയുണ്ടായിരുന്നു. പക്ഷെ മൂന്നര ലക്ഷം രൂപ കൊണ്ട് അത് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത് എന്നതുകൊണ്ട് പലപ്പോഴും ആ പദ്ധതികൾ

തുടർന്ന് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ പോകുന്നു. എന്നാൽ ഇതിനെല്ലാം ആവശ്യമായ അസംസ്കൃത വസ്തുക്കൾ മുഴുവൻ നൽകുക എന്നത് സാധ്യമായ കാര്യമല്ല. ഭവനനിർമ്മാണ ബോർഡിനെ സംബന്ധിച്ചിടത്തോളം 60 ചതുരശ്രയടി വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിന് സിമന്റിന്റേയും കമ്പിയുടേയും കാര്യത്തിൽ 15 ശതമാനം ഇളവ് അനുവദിക്കാമെന്നും, മണൽ ലഭ്യമാകുന്ന മുറയ്ക്ക് അതുകൂടി വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കാമെന്നുമല്ലാതെ മറ്റ് മുഴുവൻ സാധനങ്ങളുടേയും ഉത്തരവാദിത്വം ഏറ്റെടുക്കാനും നിർവ്വഹിക്കാനും സാധ്യമല്ല എന്ന കാര്യമാണ് ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വീട് നിർമ്മിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളമുള്ള പ്രയാസം വസ്തുതാപരമാണ്. അതിൽ എന്ത് ചെയ്യണമെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഭവനനിർമ്മാണ ബോർഡിന് ഇടുക്കി ജില്ലാ ആസ്ഥാനത്ത് 2 ഏക്കറിലധികം ഭൂമി ഇന്ന് നിലവിലുണ്ട്. മെഡിക്കൽ കോളേജ് ജില്ലാ ആസ്ഥാനം, സെൻട്രൽ സ്കൂൾ, താലൂക്ക് / ഹെഡ്ക്വാർട്ടേഴ്സ് എന്ന നിലയിൽ സിവിൽ സ്റ്റേഷൻ ഉൾപ്പടെയുള്ള മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് താമസിക്കുവാനുള്ള പാർപ്പിട സൗകര്യങ്ങളുടെ അഭാവം പരിഹരിക്കാൻ

ഭവനനിർമ്മണ ബോർഡിന്റെ പരിധിയിലുള്ള ഭൂമിയിൽ ഫ്ലാറ്റുകളോ ക്വോർട്ടേഴ്സുകളോ പണിത് അത് പ്രയോജനകരമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഭവനനിർമ്മണ ബോർഡ് ഇത്തരം കേന്ദ്രങ്ങളിൽ തങ്ങളുടെ കയ്യിലുള്ള ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് അത് വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ തുടർന്ന് വരുന്നുണ്ട്. ഇടുക്കിയെ സംബന്ധിച്ച് അതിനുള്ള സാധ്യതയേ സംബന്ധിച്ച് ആലോചിക്കാവുന്നതും അത് പരിശോധിച്ച് സാധ്യമെങ്കിൽ നടപ്പാക്കാവുന്നതുമാണ്.

ശ്രീ. എം. നൗഷാദ്: സർ, ഭവനനിർമ്മണ ബോർഡ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിൽ പോലും സാധാരണ ജനങ്ങൾക്ക് അത് സംബന്ധിച്ച് വ്യാപകമായ അറിവില്ല എന്നുള്ളതാണ് സത്യം. കുറഞ്ഞ ചെലവിൽ ഇത് ചെയ്തുകൊടുക്കും എന്ന് പറഞ്ഞ് പല പദ്ധതികളും പ്രഖ്യാപിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മുനിസിപ്പാലിറ്റി, പഞ്ചായത്ത്, കോർപ്പറേഷൻ തുടങ്ങിയവയിൽ ഏതെങ്കിലും ഒരു മുനിസിപ്പാലിറ്റിയോ, പഞ്ചായത്തോ, കോർപ്പറേഷനോ ഒരു മോഡലായി എടുത്തുകൊണ്ട് അവർ സെലക്ട് ചെയ്യുന്ന

ബെനിഫിഷ്യറികൾക്ക് അവരുടെ വിഹിതം വാങ്ങിച്ചുകൊണ്ട് കുറഞ്ഞ ചെലവിൽ വീട് ചെയ്തു നൽകാൻ ഭവനനിർമ്മണ ബോർഡ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത്തരമൊരു പദ്ധതി ഇപ്പോൾ നിലവിലില്ല. ഭവനനിർമ്മണ ബോർഡ് ചെയ്തുകൊണ്ടിരിക്കുന്നതും നേരത്തെ ചെയ്തുകൊണ്ടിരുന്നതും ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുകയും ഭവനനിർമ്മണ ബോർഡ് ആവശ്യക്കാരായ ആളുകൾക്ക് അവരുടെ ഉറപ്പിന്മേൽ ആ വായ്പ നൽകുകയും അവർ വീട് സ്വന്തമായി നിർമ്മിക്കുകയും ചെയ്യുന്നതുമായിരുന്ന ഒരു പദ്ധതി. മറ്റൊന്ന്, ഭവനനിർമ്മണ ബോർഡ് തന്നെ സ്വയം ഏറ്റെടുത്ത ഭൂമിയിൽ സ്വന്തമായ ഫ്ലാറ്റുകൾ നിർമ്മിച്ചുകൊണ്ട് അവ ആവശ്യക്കാരായ ആളുകൾക്ക് അനുവദിച്ചുകൊടുക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന അവരുടെ പദ്ധതിയുടെ പൂർണ്ണ ഉത്തരവാദിത്വം ഹൗസിംഗ് ബോർഡ് ഏറ്റെടുക്കുക പ്രയാസകരമായ കാര്യമാണ്. ഭവനനിർമ്മണത്തിന് ഒരുപാട് ഏജൻസികൾ ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. കോസ്റ്റൽ ഏരിയയിൽ ഫിഷൻമാനിന് വേണ്ടി പ്രത്യേക ഹൗസിംഗ് സ്കീമുകളുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പ്രത്യേക ഹൗസിംഗ് സ്കീമുകളുണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപത്തിനുള്ള ഹൗസിംഗ്

സ്കീമുകളുണ്ട്, തൊഴിൽ മേഖലയിൽ പ്രത്യേകിച്ച് പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ലയങ്ങൾ പുതുക്കിപ്പണിത് പുതിയ വീടുകൾ വച്ചു കൊടുക്കുന്നതിനുള്ള പദ്ധതികളുണ്ട്. വ്യത്യസ്തങ്ങളായ ഏജൻസികളുടെ നേതൃത്വത്തിൽ നടക്കുന്ന ഈ പദ്ധതികളുടെ കൂട്ടത്തിൽ എവിടെയെങ്കിൽ ഏതെങ്കിലും ഏജൻസികൾ നിശ്ചയിക്കുന്ന വീട് നിർമ്മിച്ചുകൊടുക്കുക എന്ന ഉത്തരവാദിത്വം ഹൗസിംഗ് ബോർഡിന് ഏറ്റെടുക്കാൻ സാധ്യമല്ലാത്ത സ്ഥിതിയാണ് നിലവിലുള്ള അതിന്റെ വ്യവസ്ഥകളിലുള്ളത്.

ശ്രീ. ഷാഫി പറമ്പി: സർ, അങ്ങ് റവന്യൂ മന്ത്രികൂടിയായത് ഈ സാഹചര്യത്തിൽ തീർച്ചയായിട്ടും ഹൗസിംഗ് ബോർഡിന് ഗുണം ചെയ്യും. 10 സെന്റ് ഭൂമി മൂന്നു പേർക്ക് വീതം വച്ച് കൊടുക്കാനാണെങ്കിൽ മൂന്നും മൂന്നരയും സെന്റ് വച്ച് കൊടുക്കുമ്പോൾ മൂന്ന് പേർക്കാണ് ലഭിക്കുന്നത്. റവന്യൂ വകുപ്പ് നൽകുന്ന അതേ 10 സെന്റ് ഭൂമി ഭവനനിർമ്മണ ബോർഡുമായി ചേർന്ന് അവിടെ ഫ്ലാറ്റ് നിർമ്മിക്കാൻ കഴിയുകയാണെങ്കിൽ നിലവിലെ ചട്ടപ്രകാരം 6 മുതൽ 10 വരെ ഫ്ലാറ്റുകൾ ആയിരം സ്ക്വയർ മീറ്ററിന് താഴെ നിർമ്മിക്കാൻ കഴിയും. ഭൂമി എല്ലാവരുടേയും സ്വപ്നമാണ്. ആ സ്വപ്നം ഒരു വീടിന് വേണ്ടിത്തന്നെയാണ്. അങ്ങനെയാണെങ്കിൽ അത് 10 പേർക്കോ 8 പേർക്കോ ഗുണം ചെയ്യുന്ന തരത്തിൽ ഇന്നലെ ബഹുമാനപ്പെട്ട

പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോല എസ്.സി. കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുവാൻ ശ്രമിക്കുന്നതുപോലെ ഭവനനിർമ്മണ ബോർഡിന്റെയും റവന്യൂവിന്റേയും മറ്റ് വകുപ്പുകളുടേയും സംയുക്താഭിമുഖ്യത്തിൽ, കേരളത്തിൽ 3 സെന്റ് വച്ച് എല്ലാവർക്കും ഭൂമി നൽകാൻ കഴിയില്ല. അതിന് പകരം ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകാൻ കഴിയുമോ; ഗവൺമെന്റ് അത് പരിശോധിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നല്ലൊരു ആശയമാണ്. അത് പ്രായോഗികമാക്കുന്നത് നന്നായിരിക്കുകയും ചെയ്യും. റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭൂമിയും അതോടൊപ്പം സംസ്ഥാനത്ത് ഹൗസിംഗ് ബോർഡിന്റെ കൈവശവും ഒരുപാട് ഭൂമിയുണ്ട്. പക്ഷെ അവിടെ നിർമ്മിച്ചു നൽകുന്ന വീടുകൾ എടുക്കുന്നതിന് വേണ്ടിയോ അതിന് നിശ്ചയിച്ചിട്ടുള്ള റെന്റ് നൽകുന്നതിനോ ഉള്ള സാധ്യത എത്രമാത്രം ആളുകൾക്കുണ്ട് എന്നത് ഒരു പ്രത്യേകമായ വിഷയമാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ 3 സെന്റ് വച്ച് എല്ലാവർക്കും കൊടുക്കാൻ ധാരാളം ഭൂമി വേണ്ടി വരുമ്പോൾ 3 സെന്റിൽ ഒരു ഫ്ലാറ്റെടുത്താൽ 10 പേർക്ക് നൽകാൻ കഴിയുമെന്ന ആശയം വളരെ നല്ലതാണ്. അത്തരമൊരു ആശയത്തെ അടിസ്ഥാനപ്പെടുത്തി ഏതൊക്കെ പ്രദേശത്ത് സാധ്യമാകുമെന്നത് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, വീടില്ലാത്തവരെ സംബന്ധിച്ച് ഏറ്റവും കൂടുതൽ ചിന്തിച്ച് അവർക്ക് വീടുണ്ടാക്കി നൽകിയ മഹാനായ എം.എൻ. തുടങ്ങിവച്ച ലക്ഷം വീട് പദ്ധതിയുണ്ട്. ആ ലക്ഷം വീടുകൾ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഇരട്ട വീടാക്കാൻ തീരുമാനിക്കുകയും കുറെയേറെ വീടുകൾ ഇരട്ട വീടുകളാക്കി അവരെ രക്ഷിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് വീടുകളിൽ താമസിച്ചിരുന്നവർക്ക് സെപ്പറേറ്റ് ആയി വീട്ട് വച്ച് നൽകി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത് പൂർണ്ണമായും നിർത്തിലാക്കി. പല കുടുബങ്ങളുടേയും വീടുകൾ നശിച്ച് നാശോന്മുഖമായി ജീവിക്കാൻ പറ്റാത്ത അന്തരീക്ഷത്തിലാണ് പല ലക്ഷം വീടുകളും. എന്റെ മണ്ഡലത്തിൽ കടമ്പനാട് പഞ്ചായത്തിൽ മണ്ണടി എന്ന സ്ഥലത്തെ കല്ലുവെട്ടി കോളനി വളരെ ശോചനീയമായ അവസ്ഥയിലാണ്. ജില്ലാ കളക്ടറും ഹൗസിംഗ് ബോർഡിന്റെ ചീഫ് എഞ്ചിനീയറും ഞാനും സ്ഥലം സന്ദർശിച്ച് അവിടെ ഒരു പ്രോജക്ട് തയ്യാറാക്കി ഹൗസിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. അത് അടിയന്തരമായി പരിഹരിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ആ പാവപ്പെട്ട കുടുംബങ്ങളെ രക്ഷിക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ചിറ്റയം

ഗോപകുമാർ സൂചിപ്പിച്ചതുപോലെ 1970-കളിൽ എം.എൻ. ന്റെ കാലത്താണ് ലക്ഷംവീട് പദ്ധതിക്ക് തുടക്കം കുറിച്ചത്. അത് ഭാവനാപൂർണ്ണമായ പദ്ധതിയായിരുന്നു. കേരളത്തിൽ അതിനുമുമ്പ് ആരും ഒരു ഭവന നിർമ്മാണ പദ്ധതിക്ക് തുടക്കം കുറിച്ചിരുന്നില്ല. അതിനെ തുടർന്നാണ് എല്ലാ ഭവന നിർമ്മാണ പദ്ധതികളും വന്നത്. തുടക്കത്തിൽ അത് ഇരട്ടവീടുകളായിട്ടാണ് നിർമ്മിച്ചിരുന്നത്. ഒരു ഒറ്റ വീട്ടിൽ രണ്ടു കുടുംബങ്ങളാണ് താമസിച്ചിരുന്നത്. അത് ഒറ്റ വീടാക്കാനുള്ള പദ്ധതികളാണ് കഴിഞ്ഞ കാലത്ത് നടന്നുവന്നത്. എന്നാൽ ഒരുപാട് പഞ്ചായത്തുകളിൽ ഒറ്റ വീടാക്കി തയ്യാറാക്കിക്കൊടുക്കാൻ പൂർണ്ണമായി സാധിച്ചിട്ടില്ല. എന്നാൽ അതിനാവശ്യമായി വരുന്ന പണം അനുവദിക്കുക എന്നു പറയുന്നത് ഹൗസിംഗ് ബോർഡിനെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ള കാര്യമല്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടത്തിയ പ്രത്യേകമായ ഒരു സംരംഭത്തിന്റെ ഭാഗമായി സ്വരൂപിക്കപ്പെട്ട പണമുപയോഗിച്ച് ഇപ്പോൾതന്നെ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ ആ വീടുകൾ ഒറ്റ വീടാക്കി കൊടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. അതിൽ ഇനി പണം അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് സാധ്യമാണെങ്കിൽ ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, പല കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനത്തിന്റെ പദ്ധതികളും നടപ്പിലാക്കാത്തതിന്റെ പ്രധാനപ്പെട്ട കാരണം ഫ്ലാറ്റ് സമുച്ചയങ്ങൾ പണിതുകൊടുക്കാൻ വരുന്ന കാലതാമസവും അതുമായി ബന്ധപ്പെട്ടിട്ടുള്ള പ്രശ്നങ്ങളുമാണ്. ഇന്ന് പുതിയ ലോകത്തിന്റെ സാധ്യതകൾ വിനിയോഗിച്ച് പ്രീഫാബ് മോഡൽ ഫ്ലാറ്റ് സമുച്ചയങ്ങളും അതുപോലെ ഫാക്ടിലെ ജിപ്സം എന്ന മെറ്റീരിയൽ ഉപയോഗിച്ച് ഒരു വർഷം കൊണ്ട് പണിയാവുന്ന കെട്ടിടങ്ങൾ രണ്ടു മാസംകൊണ്ട് പൂർത്തീകരിക്കാൻ സാധിക്കും. മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന സ്ഥലത്തും അതുപോലെ ഇത്തരം ഹൗസിംഗ് പ്രോജക്റ്റ്സിനും ഈ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് വളരെ വേഗത്തിൽ ഫ്ലാറ്റ് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇതിന്റെ പൈലറ്റ് എറണാകുളത്തുള്ള ഏതെങ്കിലും കോളനി അധിവസിക്കുന്ന പ്രദേശങ്ങളിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിഷയം ഞാൻ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതാണ്. കെട്ടിട നിർമ്മാണ രംഗത്ത് പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര (കെസ്നിക്ക്) ക്യാമ്പസ്സിൽ ഒരു

മാതൃകാ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. തീർച്ചയായും ആ രീതിയിൽ വളരെയെളുപ്പത്തിലും വേഗതയിലും നിർമ്മിക്കാവുന്നതാണ്. എല്ലാവിധ വസ്തുക്കളുടെയും വില ക്രമാധീതമായി വർദ്ധിക്കുന്നു എന്ന പ്രശ്നംകൊണ്ടാണ് കെട്ടിടം പണി പൂർത്തീകരിക്കാൻ കഴിയാതെ പോകുന്നത്. അപ്പോൾ ഇത്തരം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ നമ്മൾ ഏർപ്പെട്ടാൽ വളരെ എളുപ്പത്തിൽ സാധ്യമാകും. അതു് ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്ത് എങ്ങനെയാണ് നടപ്പാക്കാൻ കഴിയുക എന്നതിനെ സംബന്ധിച്ച് പരിഗണിക്കാവുന്ന ഒരു വിഷയമാണ്. അത് പരിശോധിക്കുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ്:സർ, എല്ലാവർക്കും വീട് ലഭ്യമാകുന്ന രീതിയിലുള്ള സർക്കാരിന്റെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയെ പൂർണ്ണഹൃദയത്തോടെ സ്വാഗതം ചെയ്യുന്നു. പക്ഷേ, ഇവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം പല പദ്ധതികളിലായി പലകാലങ്ങളിലായി തുക അനുവദിക്കപ്പെട്ട് വീടുപണി തുടങ്ങിയവരാണ്. വീടുപണി തീരാത്ത വീടുകൾ വലിയ പ്രശ്നമാണ്. ഭവന നിർമ്മാണ പദ്ധതി നടപ്പിലാകുമ്പോൾ ഏതുരീതിയിലായിരിക്കും സർക്കാർ പണി തീരാത്ത വീടുകൾക്ക് തുക നിശ്ചയിക്കുന്നത്? ആറന്മുള മണ്ഡലത്തിൽ മെഴുവേലി

പഞ്ചായത്തിൽ 30 വീടുകൾ ഇതുപോലെ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. പല കാലങ്ങളിൽ പല കാരണങ്ങളാൽ മുടങ്ങിപോയവയാണ്. അതിനെ ഏതു രീതിയിൽ സർക്കാരിന് സഹായം ചെയ്യുവാൻ കഴിയും?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പല സന്ദർഭങ്ങളിലായി വിശദീകരിച്ചിട്ടുള്ള ഒരു കാര്യമാണ്. അത് പൂർണ്ണമായ അർത്ഥത്തിൽ നടപ്പാക്കുന്നുണ്ട്. 10-ാം തീയതിയോടുകൂടി അതിന്റെ പ്രഖ്യാപനം നടത്താനിരിക്കുകയാണ്. ഭൂമിയില്ലാത്തവർ ഒരു വിഭാഗം, ഭൂമിയുണ്ട് വീടില്ലാത്തവർ മറ്റൊരു വിഭാഗം, അതുപോലെ വീടുണ്ടെങ്കിലും വീടിന്റെ പണി പൂർത്തീകരിക്കാൻ കഴിയാത്ത ആളുകൾ മറ്റൊരു വിഭാഗം. ഇങ്ങനെ മൂന്നും നാലും വിഭാഗത്തിൽപ്പെട്ട ആളുകൾ ഇന്ന് ഉണ്ടെന്നുള്ളതാണ് സംസ്ഥാനത്തിന്റെ അനുഭവം. ഈ സാഹചര്യത്തിൽ എല്ലാ വിഭാഗത്തിൽപ്പെട്ട ആൾക്കാർക്കും അതായത് ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും കൊടുക്കാനും, ഭൂമിയുള്ളവരുടെ കാര്യത്തിൽ വീട് നൽകാനും, ഭാഗീകമായി മാത്രം ഭവന നിർമ്മാണ പ്രവർത്തനങ്ങളിൽ എത്തിനിൽക്കുന്ന വീടുകൾ പൂർത്തീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതികളെല്ലാം പൂർത്തീകരിക്കണമെന്നതാണ് ഗവൺമെന്റിന്റെ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ആലോചിക്കുന്നത്. അങ്ങനെ

വരുമ്പോൾ ഇന്നുള്ള ഭവന രഹിതരായ മുഴുവൻ ആളുകൾക്കും ഭൂമിയും വീടും കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂന്നോ, നാലോ, അഞ്ചോ വർഷങ്ങൾ അതിനു വേണ്ടിവരും.

## ഭൂവിനിയോഗ ക്രമത്തിൽ മാറ്റം

(*693) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. പി. അബ്ദുൾ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ ഭൂവിനിയോഗ ക്രമത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വയലേലകളുൾപ്പെടെയുള്ള കൃഷിഭൂമി തരിശിട്ട് രൂപമാറ്റം വരുത്താനുള്ള ശ്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) തരിശു ഭൂമികൾ പൊതുവിനിയോഗത്തിന് ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയെന്തെങ്കിലും പരിഗണനയിലുണ്ടോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ,

(എ) ഭൂവിനിയോഗത്തിൽ മാറ്റം വരുത്തുന്നതിന് അനുമതി നൽകുവാൻ 1967-ലെ കേരള ലാൻഡ് യൂട്ടിലൈസേഷൻ ഉത്തരവ് പ്രകാരം കളക്ടർമാർക്ക് (ജില്ലാ കളക്ടർ, ആർ.ഡി.ഒ) അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) നെൽവയലുകൾ തരിശിടുന്നത് രൂപമാറ്റത്തിന് കാരണമാകുമെന്നതിനാൽ ടി പ്രവണത തടയുന്നതിനുള്ള നടപടികൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് ക്ലോസ്സ് 7-ലും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 15, 16 എന്നിവയിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) തരിശിട്ടിരിക്കുന്ന നെൽവയലുകൾ പ്രാദേശികതല നിരീക്ഷണ സമിതി മുഖേന കൃഷി ചെയ്യിക്കുന്നതിനുള്ള വ്യവസ്ഥകൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 15, 16 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. നെൽവയലുകൾ പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് പ്രാദേശികതല സമിതിയുടെ ശിപാർശ സംസ്ഥാനതല സമിതി പരിശോധിക്കുകയും, സംസ്ഥാനതല സമിതി സർക്കാരിന് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉചിതമായ തീരുമാനം

കൈക്കൊള്ളുകയും ചെയ്തു വരുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമവും അതിനുമുമ്പ് റവന്യൂ വകുപ്പിന്റെ ചർച്ചയിൽ ഭരണപക്ഷത്തുള്ളവരും പ്രതിപക്ഷത്തുള്ളവരും ചോദിച്ചിട്ട് ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണ് ഞാൻ ഇപ്പോൾ ചോദിക്കുന്നത്. ഇവിടെ രേഖകളിൽ 'വയൽ' അല്ലെങ്കിൽ 'നഞ്ച' എന്ന് രേഖപ്പെടുത്തിയതും എന്നാൽ പത്തും അമ്പതും വർഷമായി തലമുറകളായി വീടുവച്ച് താമസിക്കുന്ന സ്ഥലങ്ങൾക്ക് ഇപ്പോഴും നമ്പർ കിട്ടിയിട്ടില്ല. ഇതിനെക്കുറിച്ച് ശ്രീ. രാജേഷും മറ്റ് അംഗങ്ങളും പറഞ്ഞിട്ടുണ്ട്. അതിൽ വീട് പുനർനിർമ്മിക്കുന്നതിന് ഇപ്പോഴും പ്രശ്നങ്ങളുണ്ട്. ഇവിടെ എല്ലാവരും ഇതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടും മന്ത്രി ആ പോയിന്റിലേയ്ക്കുമാത്രം വരുന്നില്ല. 3 (എ) നീക്കം ചെയ്തതോടുകൂടി വലിയ ഒരു പ്രതിസന്ധി ഈ രംഗത്ത് നിലനിൽക്കുന്നുണ്ട്. ഇതിനെന്താണ് പരിഹാരം ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 3(എ) വരുന്നതിനു മുമ്പുണ്ടായിരുന്ന അവസ്ഥ 3(എ) നീക്കം ചെയ്താലും ഉണ്ടാകുന്നതാണ്. അതുകൊണ്ട് അതാണ് തടസ്സമെന്ന വാദത്തിന് അർത്ഥമില്ല. ഭൂമി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ നെൽവയൽ തണ്ണീർത്തട നിയമത്തിൽ ഒരു വ്യവസ്ഥയുണ്ട്. ലാന്റ് യൂട്ടിലൈസേഷൻ ആക്റ്റിന്റെ റൂൾ 1967-ലെ ഭൂവിനിയോഗ നിയമത്തിൽ മറ്റൊരു വ്യവസ്ഥയുണ്ട്. ഈ

വ്യവസ്ഥകൾ ഉപയോഗിച്ചുകൊണ്ട് ചെയ്യാവുന്ന സൗകര്യങ്ങൾ നിലിവിലുണ്ട്. അതുകൊണ്ട് അത്തരം കാര്യങ്ങളുമായി ബന്ധപ്പെടുത്തി 3 (എ) പിൻവലിക്കുന്നതുകൊണ്ട് എന്തോ മഹാ അപരാധം സംഭവിക്കുന്നു എന്നുള്ള വിശദീകരണത്തിന് യാതൊരു ന്യായീകരണവുമില്ലാത്തതാണ്. അതുകൊണ്ട് പ്രത്യേകമായ ഒരു ബുദ്ധിമുട്ടും വരാൻ പോകുന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ച് ഉത്തരം പറഞ്ഞിട്ടില്ല. ശ്രീ. രാജേഷ് ചോദിച്ച ചോദ്യം ഞാൻ ആവർത്തിക്കുകയാണ് 50 സെന്റ് ഭൂമിയിൽ 50 കൊല്ലംമുമ്പ് അവിടെ വീടുവച്ച് താമസിക്കുന്ന ആളുകളുടെ കുട്ടികൾക്ക് വീട് പുതുക്കി നിർമ്മിക്കണമെങ്കിൽ നിങ്ങൾ പറയുന്ന ഈ നിയമപ്രകാരം ക്രമത്തിലാണെങ്കിൽ 10 സെന്റു മാത്രമേ നികത്താൻ സാധിക്കുകയുള്ളു. 50 കൊല്ലം മുമ്പ് നികത്തിപോയ ഭൂമി എന്തുചെയ്യും? ഇതിനെന്താണ് പരിഹാരം? ഞങ്ങളെല്ലാവരും തണ്ണീർത്തടത്തിന്റെയും നെൽവയലുകളുടെയും ആളുകളാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2008-ൽ നെൽവയൽ തണ്ണീർത്തട നിയമം വരുമ്പോൾ അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് 2008-നുശേഷം എവിടെയും നികത്തരുതെന്നാണ്. അതിന് മുമ്പ് നികത്തിയ ഭൂമിയുടെ കാര്യത്തിൽ നേരത്തെ

പറഞ്ഞ കെ.എൽ.യു. ഓർഡർ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. അത് 3 (എ) പിൻവലിക്കുന്നതുകൊണ്ടുള്ള വിഷയമല്ല. ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ/ വീടു വയ്ക്കാനാണെങ്കിൽ അതിൽ വ്യവസ്ഥയുണ്ട്. മുഴുവൻ സ്ഥലവും എന്തിനാണ് ഉപയോഗിക്കുന്നതു സംബന്ധിച്ചാണെങ്കിൽ അത് നിയമപ്രകാരം പരിശോധിച്ച് ഒരു നിയമനിർമ്മാണം ഉൾപ്പെടെ നടത്തിയാൽ മാത്രം ചെയ്യാൻ കഴിയുന്ന കാര്യമാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, 2008-ലാണ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നത്. അന്നുമുതൽ നാം ആരംഭിച്ചതാണ് ഡേറ്റാ ബാങ്ക് നിർമ്മാണം. എന്നാൽ അത് ഇപ്പോഴും എവിടയും എത്തിയിട്ടില്ല. സാധാരണക്കാർ വളരെയേറെ ബുദ്ധിമുട്ടുകയാണ്. ചില പഞ്ചായത്തുകൾ ഡേറ്റാബാങ്ക് ഉണ്ടാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പക്ഷേ, അത് നടപ്പാക്കാൻ സാധിച്ചിട്ടില്ല. മാറിയ പരിതസ്ഥിതിയിൽ ഡേറ്റാ ബാങ്കിന്റെ സ്ഥിതി എന്താണ്; അത് എന്ന് പൂർത്തിയാക്കി പ്രസിദ്ധീകരിച്ച് ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? സാധാരണക്കാർ വളരെയധികം കഷ്ടപ്പെടുന്ന ഒരു മേഖലയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം

വളരെ ശരിയാണ്. 2008-ൽ നിയമം കൊണ്ടുവരുമ്പോൾ മൂന്നു മാസത്തിനകത്ത് ഡേറ്റാ ബാങ്ക് വരുമെന്നാണ് ചൂണ്ടിക്കാണിച്ചത്. 8 വർഷം കഴിഞ്ഞിട്ടും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ആ സാഹചര്യത്തിൽ ഡേറ്റാ ബാങ്ക് വരാത്തതിനെത്തുടർന്ന് അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഡേറ്റാ ബാങ്ക് ശാസ്ത്രീയമായി ഉണ്ടാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഇപ്പോഴുണ്ടാക്കിവച്ചിരിക്കുന്ന ഡേറ്റാ ബാങ്ക് അപൂർണ്ണമോ അബദ്ധജടിലമോ ആണെന്നുള്ളതുകൊണ്ട് ശാസ്ത്രീയമായി ഡേറ്റാ ബാങ്ക് ഉണ്ടാക്കുന്നതിനുവേണ്ടി എത്രയും പെട്ടെന്നുള്ള നടപടികളുമായി മുന്നോട്ടുപോകാൻ തന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ ചോദ്യോത്തരവേള അവസാനിച്ചു.